## പതിനഞ്ചാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി I
## (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

### 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5) -ാം ഉപചട്ടപ്രകാരമുള്ളത്]

2024 ജൂലൈ 8-ാം തീയതി സമർപ്പിച്ചത്


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024


/home/fcp8c/Desktop/Facing Sheet( Sub com I) 08.07.2024.odt (28..06..24)

പതിനഞ്ചാം  കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി I
# (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

## 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236- ാം  ചട്ടത്തിന്റെ (5) -ാം  ഉപചട്ടപ്രകാരമുള്ളത്]

# ഉള്ളടക്കം

| | |
|---|---|
| | *പേജ്* |
| സമിതിയുടെ ഘടന | - v |
| അവതാരിക | - vii |
| റിപ്പോർട്ട് | - 1 |

## സബ്ജക്ട് കമ്മിറ്റി I
## (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)
## (2023-2026)

### ഘടന

ചെയർമാൻ :

ശ്രീ. പി. പ്രസാദ്,
കൃഷി വകുപ്പ് മന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീമതി ജെ. ചിഞ്ചുറാണി,
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി.

ശ്രീ. സജി ചെറിയാൻ,
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി.

അംഗങ്ങൾ:

ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.

ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.

ശ്രീ. പി. ജെ. ജോസഫ്, എം.എൽ.എ.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.

ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.

ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

# അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ മൂന്നാമത് റിപ്പോർട്ടിലെ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, ആസൂത്രണ സാമ്പത്തിക കാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി I-ന്റെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2023 ഫെബ്രുവരി 27-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 04.07.2024-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2024 ജൂലൈ 4-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പി. പ്രസാദ്
ചെയർമാൻ
സബ്ജക്ട് കമ്മിറ്റി I

തിരുവനന്തപുരം,
2024 ജൂലൈ 8

# റിപ്പോർട്ട്

## അദ്ധ്യായം - I

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൽ, മറുപടി ലഭിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും.

## കൃഷി വകുപ്പ്

### ശിപാർശ

2401-00-102-90 - ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം

വിഹിതം : 95,10,00,000 രൂപ (പദ്ധതി)

സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടക പദ്ധതിയിൽ നെൽകൃഷി ചെയ്യുന്ന മുഴുവൻ കർഷകർക്കും ആനുകൂല്യം ലഭ്യമാക്കുന്നതിനായും മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലനം എന്ന ഘടക പദ്ധതിക്കായും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 66.9 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

### സ്വീകരിച്ച നടപടി

നെൽകൃഷി ചെയ്യുന്ന മുഴുവൻ കർഷകർക്കും ആനുകൂല്യം ലഭിക്കുന്നതിനായും മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലനം എന്ന ഘടക പദ്ധതിക്കായും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 66.9 കോടി രൂപ 2401-00-102-90 ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത്, ശിപാർശ ചെയ്ത ധനകാര്യ വകുപ്പിന് നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-103-87 - നാളികേര വികസനം

വിഹിതം : 68,95,00,000 രൂപ (പദ്ധതി)

2023-24 സാമ്പത്തിക വർഷം നാളികേര വികസന പദ്ധതിയുടെ ഭാഗമായി 20 ലക്ഷം തെങ്ങുകളുടെ മണ്ട വൃത്തിയാക്കി മരുന്ന് തളിക്കുന്നതിനുള്ള പ്രവൃത്തി നടപ്പിലാക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം നാളികേര വികസന പദ്ധതിയുടെ ഭാഗമായി 20 ലക്ഷം തെങ്ങുകളുടെ മണ്ട വൃത്തിയാക്കി മരുന്നു തളിക്കുന്നതിനുള്ള പ്രവൃത്തി നടപ്പിലാക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ 2401-00-103-87 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

**ശിപാർശ**

2401-00-104-72-01- പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം) -കേന്ദ്രവിഹിതം

വിഹിതം : ഇല്ല (പദ്ധതി)

ഭാരതീയ പ്രകൃതി കൃഷി പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള കേന്ദ്രവിഹിതത്തിന് ആനുപാതികമായി തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ 22.25988 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

**സ്വീകരിച്ച നടപടി**

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം ഭാരതീയ പ്രകൃതി കൃഷി പദ്ധതിക്കായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി 22.259858 കോടി രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകുകയും 984.37 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ**

2401-00-104-72-02 - പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി)- (60% കേന്ദ്രാവിഷ്കൃതം) സംസ്ഥാന വിഹിതം

വിഹിതം : ഇല്ല (പദ്ധതി)

ഭാരതീയ പ്രകൃതി കൃഷി പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള കേന്ദ്രവിഹിതത്തിന് ആനുപാതികമായി തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ 14.83992 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

**സ്വീകരിച്ച നടപടി**

പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതിക്കായി (60% കേന്ദ്രാവിഷ്കൃതം) ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 2401-00-104-72-02 ശീർഷകത്തിൽ 14.83992 കോടി രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകുകയും 656.25 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## ശിപാർശ

2401-00-104-67 – കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപ്പാദന പരിപാടികൾ - ഉൽപ്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ

വിഹിതം : 12,00,00,000 രൂപ (പദ്ധതി)

2022-23-ൽ പുതുതായി ആവിഷ്കരിച്ച 'കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപ്പാദന പരിപാടികൾ - ഉൽപ്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ' എന്ന പദ്ധതിയുടെ ഭാഗമായി 2023-24-ൽ ഓരോ കൃഷിഭവനിലും 10 മാതൃകാതോട്ടങ്ങൾ എന്ന നിലയിൽ ആകെ 10760 മാതൃകാതോട്ടങ്ങൾക്കായും 2022-23-ൽ ആരംഭിച്ച മാതൃകാതോട്ടങ്ങൾക്കുള്ള രണ്ടാം വർഷ തുടർച്ചാ ആനുകൂല്യങ്ങൾ നൽകുന്നതിനായും പുതിയതായി 1000 സംയോജിത കൃഷി മാതൃകാതോട്ടങ്ങൾ സ്ഥാപിക്കുന്നതിനുമായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8.79 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

## സ്വീകരിച്ച നടപടി

2022-23-ൽ പുതുതായി ആവിഷ്കരിച്ച 'കൃഷിടാസൂത്രാണാധിഷ്ഠിത ഉൽപ്പാദന പരിപാടികൾ- ഉൽപ്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ' എന്ന പദ്ധതിയുടെ ഭാഗമായി 2023-24-ൽ ഓരോ കൃഷി ഭവനിലും 10 മാതൃകാതോട്ടങ്ങൾ എന്ന നിലയിൽ ആകെ 10760 മാതൃകാതോട്ടങ്ങൾക്കായും, 2022-23-ൽ ആരംഭിച്ച മാതൃകാതോട്ടങ്ങൾക്കുള്ള രണ്ടാം വർഷ തുടർച്ചാ ആനുകൂല്യങ്ങൾ നൽകുന്നതിനായും, പുതിയതായി 1000 സംയോജിത കൃഷി മാതൃകാതോട്ടങ്ങൾ സ്ഥാപിക്കുന്നതിനുമായും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8.79 കോടി രൂപ 2401-00-104-67 ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

**ശിപാർശ**

2401-00-105-85 - ഓർഗാനിക് ഫാമിംഗ്

വിഹിതം : 6,00,00,000 രൂപ (പദ്ധതി)

ജൈവകൃഷിക്കും ഉത്തമകൃഷിമുറകൾ വ്യാപിപ്പിക്കുന്നതിനുമായി ജൈവവളങ്ങളുടെ ഉൽപ്പാദനത്തിനും ബയോഗ്യാസ് പ്ലാന്റുകളുടെ സബ്സിഡിക്കുമായും ആലപ്പുഴ ജില്ലയിൽ വരിനെല്ല് നിയന്ത്രിക്കുന്നതിനുള്ള ജൈവ പദ്ധതിക്കുമായും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 20.84 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

**സ്വീകരിച്ച നടപടി**

ജൈവകൃഷിക്കും ഉത്തമകൃഷിമുറകൾ വ്യാപിപ്പിക്കുന്നതിനുമായി ജൈവവളങ്ങളുടെ ഉൽപ്പാദനത്തിനും ബയോഗ്യാസ് പ്ലാന്റുകളുടെ സബ്സിഡിക്കുമായും ആലപ്പുഴ ജില്ലയിൽ വരിനെല്ല് നിയന്ത്രിക്കുന്നതിനുള്ള ജൈവപദ്ധതിക്കുമായും വകയിരുത്തയ തുക അപര്യാപ്തമായതിനാൽ 20.84 കോടി രൂപ 2401-00-105-85 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

**ശിപാർശ**

2401-00-108-59 - സുഗന്ധദ്രവ്യങ്ങളുടെ വികസനം

വിഹിതം : 4,60,00,000/- രൂപ (പദ്ധതി)

കുരുമുളക് തോട്ടങ്ങൾ, മറ്റു സുഗന്ധവ്യഞ്ജന വിളകൾ എന്നിവയുടെ വിസ്തൃതി വർദ്ധനവിനായും നൂതന വിള പരിപാലന രീതികൾ സ്വീകരിക്കുന്നതിനുമായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3.07 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

**സ്വീകരിച്ച നടപടി**

കുരുമുളക് തോട്ടങ്ങൾ, മറ്റു സുഗന്ധവ്യഞ്ജന വിളകൾ എന്നിവയുടെ വിസ്തൃതി വർദ്ധനവിനായും നൂതന വിള പരിപാലന രീതികൾ സ്വീകരിക്കുന്നതിനുമായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3.07 കോടി രൂപ 2401-00-108-59 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

**ശിപാർശ**

2401-00-109-84 - കാർഷിക വിജ്ഞാനവും വ്യാപനവും

വിഹിതം : 6,00,00,000 രൂപ(പദ്ധതി)

12. 'കേരള കർഷകൻ' എന്ന മാസികയുടെ അനുബന്ധ പ്രവർത്തനങ്ങളായ വീഡിയോ പ്രൊഡക്ഷൻ, സൈബർ എക്സ്റ്റൻഷൻ, ഫാം ഫീച്ചർ ശില്പശാലകൾ, ഉപദേശക സമിതിയോഗങ്ങൾ, വാഹനങ്ങളുടെ റിപ്പയറിംഗ്, ഇന്ധന ചെലവുകൾ, യാത്രാ ചെലവുകൾ മുതലായവയ്ക്കായും ഏകദേശം ഒരു ലക്ഷത്തിനുമേൽ വരിക്കാരുള്ള സർക്കാർ പ്രസിദ്ധീകരണം ഗുണമേന്മ ഉറപ്പാക്കി തടസ്സമില്ലാതെ പ്രസിദ്ധീകരിക്കുന്നതിനായും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3.55 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

**സ്വീകരിച്ച നടപടി**

കാർഷിക വിജ്ഞാനവും വ്യാപനവും (2401-00-109-84) എന്ന പദ്ധതിക്ക് 3.55 കോടി രൂപ അധികമായി വകയിരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും, തുക അനുവദിച്ചു നൽകിയിട്ടില്ല.

## ശിപാർശ

2401-00-109-80 - കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ

വിഹിതം : 30,28,00,000 രൂപ (പദ്ധതി)

13. മികച്ച പ്രവർത്തനം കാഴ്ചവച്ച കർഷകർക്കുള്ള ക്യാഷ് അവാർഡിനായി 1.80 കോടി രൂപയും പരിശീലനകേന്ദ്രങ്ങളായ ആർ.എ.റ്റി.റ്റി.സി., എഫ്.റ്റി.സി. എന്നിയുടെ നവീകരണത്തിനായി 1 കോടി രൂപയും കർഷക സഭ, ഞാറ്റുവേലച്ചന്തകൾ എന്നിവക്കായി 2.25 കോടി രൂപയും 'വൈഗ' പരിപാടി സംഘടിപ്പിക്കുന്നതിനായി 50 ലക്ഷം രൂപയും ലീഡ്സിനുള്ള സഹായത്തിനായി 35 ലക്ഷം രൂപയും സോഷ്യൽ ഓഡിറ്റിനായി 14 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 6.04 കോടി ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

## സ്വീകരിച്ച നടപടി

കാർഷിക വിജ്ഞാനവും വ്യാപനവും ശക്തിപ്പെടുത്തൽ (2401-00-109-80) എന്ന പദ്ധതിയുടെ ഭാഗമായി ആകെ 6.04 കോടി രൂപ അധികമായി വകയിരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും, തുക അനുവദിച്ചു നൽകിയിട്ടില്ല.

## ശിപാർശ

2401-00-109-76 - കർഷക ക്ഷേമനിധി ബോർഡ്

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

കേരള കർഷക ക്ഷേമനിധി ബോർഡിന്റെ ഓഫീസ് പ്രവർത്തനങ്ങൾ പൂർണ്ണമായ തോതിലേക്കാവുന്നതോടെ ബോർഡിന്റെ ചെലവുകൾക്കും ഓൺലൈൻ പോർട്ടലിന്റെ ചെലവുകൾക്കും ഉൾപ്പെടെ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

**സ്വീകരിച്ച നടപടി**

കേരള കർഷക ക്ഷേമനിധി ബോർഡിന്റെ ഓഫീസ് പ്രവർത്തനങ്ങൾ പൂർണ്ണമായ തോതിലേക്കാവുന്നതോടെ ബോർഡിന്റെ ചെലവുകൾക്കും ഓൺലൈൻ പോർട്ടലിന്റെ ചെലവുകൾക്കും ഉൾപ്പെടെ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ 2401-00-10-76 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

**ശിപാർശ**

2401-00-109-65-02 - അംബ്രല്ല സ്കീം ഓൺ കൃഷി ഉന്നതയോജനയും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളും (60 %സി.എസ്.എസ്) - സംസ്ഥാന വിഹിതം

വിഹിതം : 17,80,00,000 രൂപ (പദ്ധതി)

ഇൻഷ്വറൻസ് പദ്ധതിയായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, റീസ്ട്രക്ചേർഡ് വെതർ ബേസ്ഡ് ക്രോപ് ഇൻഷുറൻസ് സ്കീം എന്നിങ്ങനെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായി 43.2035 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

**സ്വീകരിച്ച നടപടി**

9,62,63,000/- രൂപ 2401-00-109-65-02 ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2401-00-109-59-01- രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി (60% കേന്ദ്രാവിഷ്കൃതം) - കേന്ദ്ര വിഹിതം

വിഹിതം : 42,72,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 5.09 കോടി രൂപ

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

**സ്വീകരിച്ച നടപടി**

രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്രാവിഷ്കൃതം) പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി 2401-00-109-59-01 ശീർഷകത്തിൽ 5.09 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും തുക ലഭ്യമായില്ല.

**ശിപാർശ**

2401-00-109-59-02- രാഷ്ട്രീയ കൃഷി വികാസ് യോജം (60% കേന്ദ്രാവിഷ്കൃതം) സംസ്ഥാന വിഹിതം

വിഹിതം : 28,48,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി ഈ ശീർഷത്തിൽ 3.39 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

**സ്വീകരിച്ച നടപടി**

രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്രാവിഷ്കൃതം) പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി 2401-00-109-59-02 ശീർഷകത്തിൽ 3.39 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും തുക ലഭ്യമായില്ല.

**ശിപാർശ**

2401-00-109-58-01- കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം (എസ്.എം.എ.എം. 60% കേന്ദ്രാവിഷ്കൃതം) കേന്ദ്ര വിഹിതം). -

വിഹിതം : 37,38,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 27.5158 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തെ ഒന്നാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി സമിതി ശിപാർശ ചെയ്ത പ്രകാരം കാർഷിക യന്ത്രവൽക്കരണം ഉപദൗത്യം (എസ്.എം.എ.എം.) കേന്ദ്ര വിഹിതം 2401-00-109-58-01 ശീർഷകത്തിൽ 27.5158 കോടി രൂപ അധികമായി ലഭ്യമാക്കുവാൻ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

**ശിപാർശ**

2401-00-109-58-02- കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം - സംസ്ഥാന വിഹിതം (എസ്. എം.എ.എം.) 60% കേന്ദ്രാവിഷ്കൃതം) സംസ്ഥാന വിഹിതം

വിഹിതം : 24,92, 00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി 18.34 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തെ ഒന്നാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി സമിതി ശിപാർശ ചെയ്ത പ്രകാരം കാർഷിക യന്ത്രവൽക്കരണം ഉപദൗത്യം (എസ്.എം.എ.എം.) കേന്ദ്ര വിഹിതം 2401-00-109-58-02 ശീർഷകത്തിൽ 18.34 കോടി രൂപ അധികമായി ലഭ്യമാക്കുവാൻ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

**ശിപാർശ**

2401-00-109-57-01- തോട്ടകൃഷിക്കായുള്ള സംയോജിത വികസനദൗത്യം- (60% കേന്ദ്രാവിഷ്കൃതം) - കേന്ദ്ര വിഹിതം

വിഹിതം : 16,02,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി 8.9 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

**സ്വീകരിച്ച നടപടി**

അധിക തുക അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന് നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-109-57-02- തോട്ടകൃഷിക്കായുള്ള സംയോജിത വികസനദൗത്യം- (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : 10,68,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി 5.9332 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

**സ്വീകരിച്ച നടപടി**

അധിക തുക അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന് നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-110-82 - പുന:സ്ഥാപിക്കപ്പെട്ട സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

വിഹിതം : 30,00,00,000 രൂപ (പദ്ധതി)

01.02.2021 മുതൽ 07.01.2023 വരെയുള്ള എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച ക്ലെയിമുകളുടെ നഷ്ടപരിഹാരത്തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനായും ഇനിയും അംഗീകരിച്ചുവരാവുന്ന ഏകദേശ തുകയും ചേർത്ത് 30 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

**സ്വീകരിച്ച നടപടി**

അധിക വിഹിതം അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-113-83- കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും

വിഹിതം : 11,81,00,000 രൂപ (പദ്ധതി)

മൊബൈൽ അഗ്രോ ക്ലിനിക്ക് ഡ്രൈവർമാർക്ക് വേതനം നൽകുന്നതിനായി 30 ലക്ഷം രൂപയും NEGP ഡാറ്റാഎൻട്രി ഓപ്പറേറ്റർമാർക്കുള്ള ഓണറേറിയം എന്ന ഘടകത്തിൽ 1.34 കോടി രൂപയും ഉൾപ്പെടെ 1.64 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

**സ്വീകരിച്ച നടപടി**

കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും എന്ന പദ്ധതിക്കായി സമിതി ശിപാർശ ചെയ്ത പ്രകാരം മൊബൈൽ അഗ്രോ ക്ലിനിക് ഡ്രൈവർമാർക്ക് വേതനം എന്ന ഘടകത്തിൽ 30 ലക്ഷം രൂപയും NEGP ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കുള്ള ഓണറേറിയം എന്ന ഘടകത്തിൽ 1.34

കോടി രൂപയും ഉൾപ്പെടെ 1.64 കോടി രൂപ 2401-00-113-83 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി ലഭ്യമാക്കുവാൻ അപേക്ഷ സമർപ്പിച്ചുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

## ശിപാർശ

2401 - 00 -115 -99- ചെറുകിട നാമമാത്ര നെൽകർഷർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി

വിഹിതം : 36,92,00,000 രൂപ (പദ്ധതിയേതരം)

KSEB-ക്ക് നൽകാനുള്ള കുടിശ്ശിക തുക നൽകുന്നതിനായി 114.0770 കോടി രൂപ ഈ ശീർഷകത്തിൽ ധന പുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

## സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന് നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

## ശിപാർശ

2401-00-119-85- കൃഷി വകുപ്പ് മുഖേനയുള്ള പച്ചക്കറി വികസനം

വിഹിതം : 70, 45,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിയിൽ സങ്കരയിനം വിത്തുകളും അത്യുല്പാദന ശേഷിയുള്ള തൈകളും വിതരണം ചെയ്യുന്നതിനും ക്ലസ്റ്ററുകൾ മുഖേനയുള്ള പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി നിയോഗിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റ്, ഡേറ്റ എൻട്രി ഓപ്പറേറ്റർ, ഫീൽഡ് അസിസ്റ്റന്റ് എന്നിവർക്ക് വേതനം നൽകുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 32.10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

**സ്വീകരിച്ച നടപടി**

കൃഷി വകുപ്പ് മുഖേനയുള്ള പച്ചക്കറി വികസന പദ്ധതിയിൽ സങ്കരയിനം വിത്തുകളും അത്യുല്പാദന ശേഷിയുള്ള തൈകളും വിതരണം ചെയ്യുന്നതിനും ക്ലസ്റ്ററുകൾ മുഖേനയുള്ള പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി നിയോഗിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റ്, ഡേറ്റ എൻട്രി ഓപ്പറേറ്റർ, ഫീൽഡ് അസിസ്റ്റന്റ് എന്നിവർക്ക് വേതനം നൽകുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 32.10 കോടി രൂപ 2401-00-119-85 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

**ശിപാർശ**

2401-00-119-79 - <u>ഔഷധ സസ്യങ്ങളുടെയും പഴം, പൂവ് എന്നിവയുടെയും വികസനം</u>

വിഹിതം : 18,92,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിയിലെ ഒരു കോടി ഫലവൃക്ഷത്തൈ വിതരണം പദ്ധതിയിലേയ്ക്ക് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>10.33 കോടി രൂപ ഈ ശീർഷകത്തിൽ ധന പുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 26)

**സ്വീകരിച്ച നടപടി**

ഔഷധ സസ്യങ്ങളുടെയും പഴം, പൂവ് എന്നിവയുടെയും വികസന പദ്ധതിയിലെ ഒരു കോടി ഫലവൃക്ഷത്തൈ വിതരണം പദ്ധതിയിലേയ്ക്ക് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10.33 കോടി രൂപ 2401-00-119-79 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

**ശിപാർശ**

2401-00-119-78 – കുട്ടനാട്ടിലെ കൃഷി സെക്ടറുകളുടെ വികസനം

വിഹിതം : 17,00,00,000 (പദ്ധതി)

കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനായി 17 കോടി രൂപയും സാങ്കേതിക സൗകര്യ വികസനത്തിനായി 12 കോടി രൂപയും വകയിരുത്തുന്നുവെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ആകെ 17 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ 12 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

**സ്വീകരിച്ച നടപടി**

കുട്ടനാട്ടിലെ കൃഷി സെക്ടറുകളുടെ വികസനം എന്ന പദ്ധതിക്കായി സമിതി ശിപാർശ ചെയ്ത പ്രകാരം 2023-24 സാമ്പത്തിക വർഷകത്തിൽ 12 കോടി രൂപ 2401-00-119-78 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി ലഭ്യമാക്കുവാൻ അപേക്ഷ സമർപ്പിച്ചുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

**ശിപാർശ**

2401-00-191-50 – റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് - മുൻസിപ്പൽ കോർപ്പറേഷനുള്ള ധനസഹായം

വിഹിതം : 50,000 രൂപ (പദ്ധതിയേതരം)

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 66.988 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

**സ്വീകരിച്ച നടപടി**

മുൻവർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി 66.988 ലക്ഷം രൂപ 2401-00-191-50 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന് നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-192-50 - റവന്യൂ ചെലവകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് - മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

വിഹിതം : 44,00,000 രൂപ (പദ്ധതിയേതരം)

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 2.9927 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

**സ്വീകരിച്ച നടപടി**

മുൻവർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി 2.9927 കോടി രൂപ 2401-00-192-50 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന് നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-198-50 - റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

വിഹിതം : 13,24,00,000 രൂപ (പദ്ധതിയേതരം)

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 54.67089 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

**സ്വീകരിച്ച നടപടി**

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി 54.67089 കോടി രൂപ 2401-00-198-50 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന അപേക്ഷ കൃഷിവകുപ്പ് ഡയറക്ടറിൽ നിന്നും

ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന് നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-789-83-01 - പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി) (60% കേന്ദ്രാവിഷ്കൃതം) - കേന്ദ്ര വിഹിതം

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 1.2366 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായി 2401-007-789-83-01 ശീർഷകത്തിൽ 1.2366 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന അപേക്ഷ കൃഷി ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്തു ധനകാര്യ വകുപ്പിനു നൽകുകയും 54.69 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ**

2401-00-789-83-02 - പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 82.44 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

**സ്വീകരിച്ച നടപടി**

പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതിക്കായി 2401-00-789-83-02 ശീർഷകത്തിൽ 82.44 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്തു ധനകാര്യ വകുപ്പിനു നൽകുകയും 36.46 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ**

2401-00-789-79-01 - രാഷ്ട്രീയ കൃഷി വികാസ് യോജന (60% സി.എസ്.എസ്.) കേന്ദ്ര വിഹിതം

വിഹിതം : 4,80,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി ഈ ശീർഷത്തിൽ 2.01 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

**സ്വീകരിച്ച നടപടി**

രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്രാവിഷ്കൃതം) പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി 2401-00-789-79-01 ശീർഷകത്തിൽ 2.01 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും തുക ലഭ്യമായില്ല.

**ശിപാർശ**

2401-00-789-79-02 - രാഷ്ട്രീയ കൃഷി വികാസ് യോജന (60% സി.എസ്.എസ്.) സംസ്ഥാന വിഹിതം

വിഹിതം : 3,20,00,000 രൂപ(പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി ഈ ശീർഷത്തിൽ 1.34 കോടി രൂപ

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

**സ്വീകരിച്ച നടപടി**

രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്രാവിഷ്കൃതം) പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി 2401-00-789-79-02 ശീർഷകത്തിൽ 1.34 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും തുക ലഭ്യമായില്ല.

**ശിപാർശ**

2401-00-789-78-01- കാർഷികയന്ത്രവൽക്കരണ ഉപദൗത്യം - കേന്ദ്ര വിഹിതം

വിഹിതം : 4,20,00,000 രൂപ(പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 9.46 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തെ ഒന്നാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി സമിതി ശിപാർശ ചെയ്ത പ്രകാരം കാർഷിക യന്ത്രവൽക്കരണം ഉപദൗത്യം (എസ്.എം.എ.എം.) കേന്ദ്ര വിഹിതം 2401-00-789-78-01 ശീർഷകത്തിൽ 9.46 കോടി രൂപ അധികമായി ലഭ്യമാക്കുവാൻ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

**ശിപാർശ**

2401-00-789-78-02- കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം- സംസ്ഥാന വിഹിതം

വിഹിതം : 2,80,00,000 രൂപ (പദ്ധതി)

2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 6.3066 കോടി രൂപ ധനപുന: വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തെ ഒന്നാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി സമിതി ശിപാർശ ചെയ്ത പ്രകാരം കാർഷിക യന്ത്രവൽക്കരണം ഉപദൗത്യം (എസ്.എം.എ.എം.) കേന്ദ്ര വിഹിതം 2401-00-789-78-02 ശീർഷകത്തിൽ 6.3066 കോടി രൂപ അധികമായി ലഭ്യമാക്കുവാൻ അപേക്ഷ സമർപ്പിച്ചുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

**ശിപാർശ**

2401-00-789-77-01- തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം (60% സി.എസ്. എസ്.)- കേന്ദ്ര വിഹിതം

വിഹിതം : 1,80,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുന: വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

**സ്വീകരിച്ച നടപടി**

തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി 1 കോടി രൂപ 2401-00-789-77-04 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 10,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2401-00-789-77-02- തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം (60% സി.എസ്. എസ്.) - സംസ്ഥാന വിഹിതം.

വിഹിതം : 1,20,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 66.68 ലക്ഷം രൂപ ധനപുന:

വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

## സ്വീകരിച്ച നടപടി

തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായി 66.68 ലക്ഷം രൂപ 2401-00-789-77-02 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 6,67,000 രൂപ അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

2401-00-796-83-01- പരമ്പരാഗത കൃഷി വികസ് യോജനയുടെ കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി) (60% കേന്ദ്രാവിഷ്കൃതം) - കേന്ദ്രവിഹിതം

വിഹിതം : ഇല്ല

2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 1.2366 കോടി രൂപ ധനപുന: വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

## സ്വീകരിച്ച നടപടി

പരമ്പരാഗത കൃഷി വികാസ് യോജനയുടെ കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി പ്രകാരം 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായി 2401-00-96-83-01 ശീർഷകത്തിൽ 1.2366 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന അപേക്ഷ കൃഷി ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകുകയും 54.69 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ**

2401-00-796-83-02 - <u>പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം</u>

വിഹിതം : ഇല്ല (പദ്ധതി)

2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് അനുപാതികമായി ഈ ശീർഷകത്തിൽ <u>82.44 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 40)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായി 2401-00-796-83-02 ശീർഷകത്തിൽ 82.44 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിനു നൽകുകയും 36.46 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ**

2401-00-796-78-01 - <u>രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്രവിഷ്കൃതം) കേന്ദ്ര വിഹിതം</u>

വിഹിതം : 48,00,000 രൂപ (പദ്ധതി)

2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായി ഈ ശീർഷത്തിൽ <u>64 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 41)

**സ്വീകരിച്ച നടപടി**

രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്രാവിഷ്കൃതം) പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി 2401-00-796-

78-01 ശീർഷകത്തിൽ 64 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും തുക ലഭ്യമായില്ല.

**ശിപാർശ**

2401-00-796-78-02 - രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്രവിഷ്കൃതം) സംസ്ഥാന വിഹിതം

വിഹിതം : 32,00,000 രൂപ (പദ്ധതി)

2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായി ഈ ശീർഷത്തിൽ 43 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

**സ്വീകരിച്ച നടപടി**

രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്രാവിഷ്കൃതം) പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്രവിഹിതത്തിന് ആനുപാതികമായി 2401-00-796-78-02 ശീർഷകത്തിൽ 43 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും തുക ലഭ്യമായില്ല.

**ശിപാർശ**

2401-00-796-77-01 - കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം (എസ്.എം.എ.എം.) 60% കേന്ദ്രാവിഷ്കൃതം) - കേന്ദ്ര വിഹിതം

വിഹിതം : 42,00,000 രൂപ (പദ്ധതി)

2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 6.40 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തെ ഒന്നാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി സമിതി ശിപാർശ ചെയ്ത പ്രകാരം കാർഷിക യന്ത്രവൽക്കരണം ഉപദൗത്യം

(എസ്.എം.എ.എം.) കേന്ദ്ര വിഹിതം 2401-00-796-77-01 ശീർഷകത്തിൽ 6.40 കോടി രൂപ അധികമായി ലഭ്യമാക്കുവാൻ അപേക്ഷ സമർപ്പിച്ചുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

**ശിപാർശ**

2401-00-796-77-02 - കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം (എസ്.എം.എ.എം.) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : 28,00,000 രൂപ (പദ്ധതി)

2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായി 4.26 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തെ ഒന്നാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി സമിതി ശിപാർശ ചെയ്ത പ്രകാരം കാർഷിക യന്ത്രവൽക്കരണം ഉപദൗത്യം (എസ്.എം.എ.എം.) കേന്ദ്ര വിഹിതം 2401-00-796-77-02 ശീർഷകത്തിൽ 4.26 കോടി രൂപ അധികമായി ലഭ്യമാക്കുവാൻ അപേക്ഷ സമർപ്പിച്ചുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

**ശിപാർശ**

2401-00-796-76-01 - തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം - (60% കേന്ദ്രാവിഷ്കൃതം) - കേന്ദ്ര വിഹിതം

വിഹിതം : 18,00,000 രൂപ (പദ്ധതി)

2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് അനുപാതികമായി 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

**സ്വീകരിച്ച നടപടി**

തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം പദ്ധതിയ്ക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് അനുപാതികമായി 10 ലക്ഷം രൂപ 2401-00-796-76-01 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 8,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2401-00-796-76-02 - തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം - (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : 12,00,000 രൂപ (പദ്ധതി)

2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് അനുപാതികമായി 6.68 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

**സ്വീകരിച്ച നടപടി**

തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം പദ്ധതിയ്ക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കുന്ന കേന്ദ്ര വിഹിതത്തിന് അനുപാതികമായി 6.68 ലക്ഷം രൂപ 2401-00-796-76-02 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 5,34,000 രൂപ അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2401-00-800-91-34- പ്രകൃതി ക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി - മറ്റ് ചെലവുകൾ.

വിഹിതം : 7,50,00,000 രൂപ (പദ്ധതി)

01.05.2021 മുതൽ 07.01.2023 വരെയുള്ള എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച ക്ലെയിമുകളുടെ നഷ്ടപരിഹാര തുക കർഷകർക്ക് വിതരണം

ചെയ്യുന്നതിനായി 45 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

**സ്വീകരിച്ച നടപടി**

അധിക വിഹിതം അനുവദിച്ചിട്ടില്ല.

**ശിപാർശ**

2415-01-004-88 - കടൽ നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശത്തെ കൃഷിക്കായുള്ള കുട്ടനാട് അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രം.

വിഹിതം : 25,00,000 രൂപ (പദ്ധതി)

ഗവേഷണ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും ശമ്പള കുടിശ്ശികയും ഓഫീസ് ചെലവുകളും ഗവേഷണത്തിനായുള്ള ചെലവുകളും നൽകുന്നതിനായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതമായ 25 ലക്ഷം രൂപയ്ക്ക് പുറമേ 36 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2415-01-277-98 - സീനിയർ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം

വിഹിതം : 3,35,00,000 രൂപ (പദ്ധതി)

2023-24 വർഷം കർഷകർക്ക് പരിശീലനം നൽകുന്നതിനായും സമേതിയുടെ മാനവവിഭവശേഷി വികസന പരിപാടികൾക്കും, പോളി ഹൗസ്, കദളീ വനം എന്നിവ പരിപാലിക്കുന്നതിനും സ്ഥാപനത്തിന്റെ പ്രവർത്തനം ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള ഇടപെടലുകൾക്കുമായി 1.85 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

**<u>സ്വീകരിച്ച നടപടി</u>**

1.85 കോടി രൂപ 2415-01-27798 ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്തു ധനകാര്യ വകുപ്പിനു നൽകിയെങ്കിലും നിലവിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

**<u>ശീർഷകം പുന:സ്ഥാപിക്കുന്നതിനായി</u>**

**<u>ശിപാർശ</u>**

2023-24 വർഷത്തിൽ 1000000 തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നതിനാലും നാളികേരവികസന ബോർഡിന്റെ പദ്ധതിയായ ERCN-ൽ ഒരു തെങ്ങിൻ തൈ ഉത്പാദിപ്പിക്കാൻ 32 രൂപ അനുവദിക്കുന്നതിനാലും ആയതിന്റെ 50% സംസ്ഥാനം വഹിക്കേണ്ടതുണ്ട്. ആയതിനാൽ 2401-00-103-74-01 ( സംസ്ഥാന വിഹിതം ജനറൽ), 2401-00-789-71-01 (സംസ്ഥാന വിഹിതം SCP), 2401-00-796-70-01 (സംസ്ഥാന വിഹിതം ജനറൽ TSP) എന്നീ ശീർഷകങ്ങൾ പുന:സ്ഥാപിച്ച് യഥാക്രമം 89:10:1 എന്ന അനുപാതത്തിൽ ആകെ <u>1.6 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 51)

**<u>സ്വീകരിച്ച നടപടി</u>**

2023-24 വർഷത്തിൽ 1000000 തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നതിനാലും നാളികേരവികസന ബോർഡിന്റെ പദ്ധതിയായ ERCN-ൽ ഒരു തെങ്ങിൻ തൈ ഉത്പാദിപ്പിക്കാൻ 32 രൂപ അനുവദിക്കുന്നതിനാലും ആയതിന്റെ 50% സംസ്ഥാനം വഹിക്കേണ്ടതുണ്ട്. ആയതിനാൽ 2401-00-103-74-01 (സംസ്ഥാന വിഹിതം ജനറൽ), 2401-00-789-71-01 (സംസ്ഥാന വിഹിതം SCP), 2401-00-796-70-01 (സംസ്ഥാന വിഹിതം ജനറൽ TSP) എന്നീ ശീർഷകങ്ങൾ പുന:സ്ഥാപിച്ച് യഥാക്രമം 89:10:1 എന്ന അനുപാതത്തിൽ ആകെ 1.6 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

## പൊതു ശിപാർശ

2023-24 സാമ്പത്തിക വർഷം കർഷകർക്ക് പരിശീലനം നൽകുന്നതിനായും കാർഷിക വിജ്ഞാനം ആർജിക്കുന്നതിനായും, ദേശീയ-അന്തർ ദേശീയ പരിശീലന കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും, ശില്പശാലകൾ, സെമിനാറുകൾ, യോഗങ്ങൾ എന്നിവയിൽ പങ്കെടുക്കുന്നതിനും ഉദ്യോഗസ്ഥരുടെ മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിനുമായാണ് 2415-01-277-98 എന്ന ശീർഷകത്തിൽ തുക ആവശ്യപ്പെട്ടിരുന്നത്. എന്നാൽ കർഷകർക്കുള്ള പരിശീലനങ്ങൾ, അന്താരാഷ്ട്ര വിസിറ്റുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നില്ല എന്ന് പ്രത്യേകം വാർഷിക പദ്ധതി രേഖയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ നൂതന കൃഷി രീതി അവലംബിക്കേണ്ടത് ഒഴിവാക്കാനാകാത്തതിനാൽ അടിയന്തര സാഹചര്യങ്ങളിൽ വിദേശ യാത്ര അനിവാര്യമായിത്തീരുമെന്നും ഇത്തരത്തിലൊരു നിബന്ധന ഒഴിവാക്കേണ്ടതാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കി പ്രസ്തുത ഘടകം കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

## സ്വീകരിച്ച നടപടി

2023-24 വർഷത്തെ മാനവ വിഭവ ശേഷി വികസനം എന്ന പദ്ധതിയുടെ വാർഷിക പദ്ധതി രേഖയിൽ കർഷകർക്കുള്ള പരിശീനങ്ങൾ, അന്താരാഷ്ട്ര വിസിറ്റുകൾ എന്നിവ പരാമർശിച്ചിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകിയ സ.ഉ.(സാധാ) നം. 747/2023/കൃഷി തീയതി 01.08.2023 ഉത്തരവിലും കർഷകർക്കുള്ള പരിശീലനങ്ങൾ, അന്താരാഷ്ട്ര വിസിറ്റുകൾ എന്നീ ഘടകങ്ങൾ ഉൾപ്പെട്ടിട്ടില്ല.

## കേരള കാർഷിക സർവ്വകലാശാല

## ശിപാർശ

2415-01-277-99-31 - <u>കേരള കാർഷിക സർവ്വകലാശാല സഹായധനം - ശമ്പളം</u>

വിഹിതം : 407,78,10,000 രൂപ -(പദ്ധതിയേതരം)

ജീവനക്കാരുടെ/അദ്ധ്യാപകരുടെ ഡി.എ. കുടിശ്ശിക, പെൻഷൻകാർക്ക് അനുവദിക്കേണ്ട പെൻഷൻ പരിഷ്കരണ കുടിശ്ശിക, ഡി.സി.ആർ.ജി. കുടിശ്ശിക,

കമ്മ്യൂട്ടേഷൻ കുടിശ്ശിക, ആജീവനാന്ത കുടിശ്ശിക, 2023-24 സാമ്പത്തിക വർഷത്തിൽ ഉണ്ടാകാവുന്ന പദ്ധതിയേതര ബാധ്യതകൾ എന്നിവ നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 151.33 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

## സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷത്തേക്ക് കേരള കാർഷിക സർവ്വകലാശാലയ്ക്ക് ശമ്പളം, വേതനം, പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിന് പദ്ധതിയേതര വിഹിതം ആനുപാതികമായി വർദ്ധിപ്പിച്ച് 407.781 കോടി രൂപയാണ് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

151.33 കോടി രൂപ 2023-34 സാമ്പത്തിക വർഷത്തേക്ക് ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാറുടെ അപേക്ഷയിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ, 2415-01-277-99-00-31-00-N-V എന്ന ശിർഷകത്തിൽ നടപ്പ് വർഷത്തെ വിഹിതമായ 407.78 കോടി രൂപയിൽ 373.81 കോടി രൂപയാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത് എന്നത് സൂചിപ്പിച്ച്കൊണ്ട് സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട് എന്നറിയിക്കുകയും അതോടൊപ്പം സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് ചെലവ് പരിമിതപ്പെടുത്തേണ്ടതാണെന്നും 2415-01-277-99-00-31-00-N-V എന്ന ശീർഷകത്തിൽ നിലവിലെ വിഹിതം പൂർണമായും തീരുന്ന പക്ഷം അധികതുകയ്ക്കുള്ള/ധനപുനർ:വിനിയോഗത്തിനുള്ള ശിപാർശ ലഭ്യമാക്കേണ്ടതാണെന്നും അറിയിച്ചിരുന്നു. മേൽ സൂചിപ്പിച്ച പ്രകാരമുള്ള പ്രൊപ്പോസൽ കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് നൽകുന്നതാണ്.

**ശിപാർശ**

2402-00-001-99 - ഡയറക്ടറാഫീസും ജില്ലാ ഓഫീസുകളും

വിഹിതം : 13,21,71,000 രൂപ(പദ്ധതിയേതരം)

കബനി പദ്ധതിയിൽ ഉൾപ്പെട്ടവരും സൂപ്പർ ന്യൂമററിയായി നിലനിർത്തപ്പെട്ടതുമായ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും കബനി പദ്ധതിയിൻ കീഴിലുള്ള 28 ഓളം ജീവനക്കാരെ പുനർവിന്യസിക്കുന്നതിനായും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

**സ്വീകരിച്ച നടപടി**

കബനി പദ്ധതിയിലുൾപ്പെട്ട ജീവനക്കാർക്ക് 2023-24 സാമ്പത്തിക വർഷത്തിൽ ശമ്പളവും മറ്റ് അനുകൂല്യങ്ങളും നൽകുന്നതിന് 2402-00-001-99 NP ശീർഷകത്തിൽ 01 ശമ്പള ഇനത്തിൽ 1278.93 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. നടപ്പു വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ മതിയായ തുക നീക്കിയിരിപ്പുള്ളതിനാൽ അധിക ധനാനുമതി ശുപാർശ പരിഗണിക്കാനാവില്ലയെന്ന് തീരുമാനിക്കുകയും പ്രസ്തുത വിവരം 05.03.2024-ലെ PB2/34/2024 നമ്പർ കത്ത് പ്രകാരം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ**

2402-00-102-78 - ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനം

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

സംസ്ഥാനത്തുടനീളമുള്ള വിവിധ ജലാശയങ്ങളും കുളങ്ങളും നവീകരിക്കുന്നതിനും പുനരുജ്ജീവനം നടപ്പിലാക്കുന്നതിനും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

**സ്വീകരിച്ച നടപടി**

വിവിധ ജലാശയങ്ങൾ നവീകരിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ 2 കോടി രൂപക്കുള്ള പ്രവർത്തികൾ അനുകൂലമല്ലാത്ത കാലാവസ്ഥയും ട്രഷറി നിയന്ത്രണവും മൂലം ഉദ്ദേശിച്ച പുരോഗതി നേടാൻ കഴിയാതിരിക്കുകയും തുക പൂർണമായും ചെലവഴിക്കാൻ കഴിയാതിരുന്നതിനാലും അധികമായി തുക അനുവദിച്ച് കിട്ടുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**ശിപാർശ**

2402-00-102-77 - ഡെവലപ്പ്മെന്റ് ഓഫ് മൈക്രോവാട്ടർ ഷെഡ്സ്

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

2022-23 സാമ്പത്തിക വർഷത്തിൽ കാട്ടാക്കട, തളിപ്പറമ്പ് നിയോജക മണ്ഡലങ്ങളിലെ ടെണ്ടർ ചെയ്ത തുടർ പ്രവർത്തനങ്ങൾക്കും, സ്പിൽ ഓവർ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

**സ്വീകരിച്ച നടപടി**

**കൃഷി (പ്ലാനിംഗ് - എ)**

സ്പിൽഓവർ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ പദ്ധതി വിഹിതമായ 4 കോടി രൂപയിൽ നിന്നും 90.97 ലക്ഷം രൂപ (തൊണ്ണൂറ് ലക്ഷത്തി തൊണ്ണൂറ്റേഴായിരം രൂപ മാത്രം) സ്പിൽ ഓവർ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി വിനിയോഗിക്കുന്നതിനായി അനുമതി നല്കിയിരുന്നു. പദ്ധതി പ്രവർത്തനങ്ങൾക്കായി ടി തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. (19.08.2023-ലെ സ.ഉ.(സാധാ) നം. 839/2023/AGRI ഉത്തരവ് പ്രകാരം)

**കൃഷി (ഐ.എഫ്.എ)**

സമിതി ശിപാർശയുടെയും വകുപ്പുമേധാവിയുടെ അപേക്ഷയുടെയും അടിസ്ഥാനത്തിൽ കാട്ടാക്കട, തളിപ്പറമ്പ് നിയോജക മണ്ഡലങ്ങളിലെ നീർത്തട വികസന സ്പിൽഓവർ

പ്രവർത്തികൾക്കായി 2023-24 വർഷത്തെ ബജറ്റിൽ വിഹിതത്തിൽ നിന്നും 90.97 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

4402-00-800-74 – തിരുവനന്തപുരം കൊല്ലം ജില്ലകളിലെയും തൃശ്ശൂർ കോർപ്പറേഷനിലെയും കുളങ്ങളുടെ നവീകരണം

വിഹിതം : 75,00,000 രൂപ (പദ്ധതി)

കേരളത്തിലെ ജലാശയങ്ങളെ സംരക്ഷിക്കുക, കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുക, കൃഷിയെ പരിപോഷിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ കൃഷി വകുപ്പിന്റെ കീഴിൽ നടത്തുന്ന സഹസ്ര സരോവർ പദ്ധതിയുടെ നടത്തിപ്പിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.25 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

## സ്വീകരിച്ച നടപടി

2023-24 സാമ്പത്തിക വർഷം സഹസ്രസരോവർ പദ്ധതിക്കായി 4402-00-800-74 ശീർഷകത്തിൽ 75 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ബന്ധപ്പെട്ട പ്രവൃത്തികളുടെ ബിൽ ഇനത്തിൽ 2023-24 സാമ്പത്തിക വർഷം 77.1784 ലക്ഷം രൂപയുടെ റീലിസ് നൽകുന്നതിന് അനുമതി നൽകിയിരുന്നു. അധികമായി ആവശ്യമായി വന്ന 2.1784 ലക്ഷം രൂപയുടെ അധികധനാനുമതിയ്ക്കുള്ള അപേക്ഷ കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ശീർഷകത്തിൽ 2.18 ലക്ഷം രൂപ അധിക ധനാനുമതിയായി വകയിരുത്തിയിരുന്നു. എന്നാൽ, സാമ്പത്തിക വർഷാവസാനം നിലവിലുണ്ടായിരുന്ന ട്രഷറി നിയന്ത്രണങ്ങളാൽ മേൽ ബില്ലുകളിൽ ഉൾപ്പട്ട 11,07,600/- രൂപയുടെ ബിൽ തുക 2023-24 സാമ്പത്തിക വർഷം വിനിയോഗിക്കാൻ സാധിച്ചിരുന്നില്ല. പ്രസ്തുത തുക ഉൾപ്പെടെ 66.15 ലക്ഷം രൂപ 2024-25 സാമ്പത്തിക വർഷം വകയിരുത്തിയ 75 ലക്ഷം രൂപയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ**

**ശിപാർശ**

4408-02-101-98 - ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിനായി കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് നൽകുന്ന സഹായം

വിഹിതം : 100,00,000 രൂപ (പദ്ധതി)

കൊല്ലം ജില്ലയിലെ പുനലൂർ, കോട്ടയം ജില്ലയിലെ പാലാ, ആലപ്പുഴ ജില്ലയിലെ തകഴി എന്നിവിടങ്ങളിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5.1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

**സ്വീകരിച്ച നടപടി**

നടപ്പ് വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം പൂർണ്ണമായും വിനിയോഗിച്ചിട്ടില്ലാത്തതിനാലും നടപ്പ് സാമ്പത്തിക വർഷം അവസാനിക്കാറായതിനാലും അടുത്ത വർഷത്തേക്കുള്ള ബഡ്ജറ്റ് ഇതിനകം തന്നെ അവതരിപ്പിച്ചിട്ടുള്ളതിനാലും, പുതിയ ചെലവുകൾ ഈ ഘട്ടത്തിൽ പരിഗണിക്കുന്നത് ഉചിതമല്ലാത്ത സാഹചര്യത്തിൽ, വിഭവ ലഭ്യതയുടെ പരിമിതി കണക്കിലെടുത്ത് നടപ്പ് വർഷത്തെ ചെലവുകൾ അനുവദിക്കപ്പെട്ടിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ, കൊല്ലം ജില്ലയിലെ പുനലൂർ, കോട്ടയം ജില്ലയിലെ പാലാ, ആലപ്പുഴ ജില്ലയിലെ തകഴി എന്നി-വിടങ്ങളിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിനായി തുക അനുവദിച്ചിട്ടില്ല എന്ന വിവരം സമിതിയെ അറിയിക്കുന്നു.

**ശിപാർശ**

6408-02-190-98- ആർ.ഐ.ഡി. എഫ്. XVII-ന്റെ കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനുള്ള വായ്പ

വിഹിതം : ഇല്ല (പദ്ധതി)

ഭരണാനുമതി ലഭിച്ച 8 ഗോഡൗണുകളിൽ നിർമ്മാണം പൂർത്തീകരിക്കാനുള്ള 7 ഗോഡൗണുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 14.15

കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തെ ഒന്നാം ഘട്ട ഉപധനാഭ്യർത്ഥനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി സമിതി ശിപാർശ ചെയ്ത പ്രകാരം ആർ.ഐ.ഡി.എഫ്.-ന്റെ കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനുള്ള വായ്പ പദ്ധതിയ്ക്കുവേണ്ടി 6408-02-190-98 ശീർഷകത്തിൽ 14.15 കോടി രൂപ അധിക ധനാനുമതിയായി അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

**ശിപാർശ**

2403-00-001-99 – ഭരണവും നടത്തിപ്പും

വിഹിതം : 12,00,36,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

**സ്വീകരിച്ച നടപടി**

തുക ലഭിച്ചിട്ടില്ല.

**ശിപാർശ**

2403-00-001-98 – ജില്ലാഭരണം

വിഹിതം : 25,81,44,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

**<u>സ്വീകരിച്ച നടപടി</u>**

തുക ലഭിച്ചിട്ടില്ല.

**<u>ശിപാർശ</u>**

2403-00-101-99 – <u>കന്നുകാലി പ്ലേഗുരോഗ നിർമ്മാർജ്ജനം</u>

വിഹിതം : 12,52,32,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി <u>2 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 65)

തുക ലഭിച്ചിട്ടില്ല.

**<u>ശിപാർശ</u>**

2403-00-101-98 – <u>ആശുപത്രികളും ഡിസ്പെൻസറികളും</u>

വിഹിതം : 233,24,42,000 രൂപ (പദ്ധതിയേതരം)

ജില്ലാ വെറ്ററിനറി സെന്ററുകൾ, മേഖലാ മരുന്ന് സ്റ്റോറുകൾ എന്നീ സ്ഥാപനങ്ങളുടെ വാടക, കരം, ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്നിവ നൽകുന്നതിനായി <u>ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 66)

**<u>സ്വീകരിച്ച നടപടി</u>**

93000/-രൂപ അധികമായി ലഭിച്ചിട്ടുണ്ട്.(G.O.(Rt)No. 188/2024/FIN dated 07.01.2024)

**<u>ശിപാർശ</u>**

2403-00-101-97 – <u>മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും</u>

വിഹിതം : 82,08,69,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി <u>2 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 67)

**സ്വീകരിച്ച നടപടി**

തുക ലഭിച്ചിട്ടില്ല.

**ശിപാർശ**

2403-00-101-71 - വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം.

വിഹിതം : 20,00,00,000 രൂപ (പദ്ധതി)

ബ്ലോക്ക്തല മൊബൈൽ വെറ്ററിനറി സംവിധാനവും കാൾ സെന്റർ സംവിധാനവും വിപുലീകരിക്കുന്നതിന് 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

**സ്വീകരിച്ച നടപടി**

2023-24 വർഷം പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുകയായ 20 കോടി രൂപ ചെലവഴിക്കാൻ പ്രസ്തുത ശീർഷകത്തിൽ സീലിംഗ് പരിമിതി മൂലം ബഡ്ജറ്റിൽ അനുവദിച്ച തുക മൊത്തമായി ലഭ്യമായിരുന്നില്ല. ആയതിനാൽ തന്നെ മറ്റു ശീർഷകങ്ങളിൽ നിന്ന് ധനപുനവിനിയോഗം ഉപധനാഭ്യർത്ഥന എന്നിവ വഴി അധിക തുക ലഭ്യമായില്ല.

**ശിപാർശ**

2403-00-102-99 - ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ.

വിഹിതം : 97,19,35,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 3.5 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

**സ്വീകരിച്ച നടപടി**

8,59,000 -രൂപ അധികമായി ലഭിച്ചിട്ടുണ്ട്. (G.O(Rt) No. 6014/2023/FIN dated 16.08.2023) ആയതു മുഴുവൻ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

2403-00-102-97 - ലൈവ് സ്റ്റോക്ക് ഫാമുകൾ.

വിഹിതം : 15,03,22,000 രൂപ (പദ്ധതിയേതരം)

ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

**സ്വീകരിച്ച നടപടി**

തുക ലഭിച്ചിട്ടില്ല.

**ശിപാർശ**

2403-00-102-96 - വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 35,07,06,000 രൂപ (പദ്ധതിയേതരം)

ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

**സ്വീകരിച്ച നടപടി**

തുക ലഭിച്ചിട്ടില്ല.

**ശിപാർശ**

2403-00-102-78 - ആർ.കെ.വി. വൈ സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

വിഹിതം : 52,00,00,000 രൂപ (പദ്ധതി)

ഗോവർദ്ധിനി പദ്ധതിയിൽ കൂടുതൽ പശുക്കുട്ടികളെ ഉൾപ്പെടുത്തുന്നതിനായി 8 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

**സ്വീകരിച്ച നടപടി**

2023-24 വർഷം പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുകയായ 52 കോടി രൂപ ചെലവഴിക്കാൻ പ്രസ്തുത ശീർഷകത്തിൽ സീലിംഗ് പരിമിതി മൂലം ബഡ്ജറ്റിൽ അനുവദിച്ച തുക മൊത്തമായി ലഭ്യമായിരുന്നില്ല. ആയതിനാൽ തന്നെ മറ്റു ശീർഷകങ്ങളിൽ നിന്ന് ധനപുനർവിനിയോഗം ഉപധനാഭ്യർത്ഥന എന്നിവ വഴി അധിക തുക ലഭ്യമായില്ല.

**ശിപാർശ**

2403-00-103-99-06 - കോഴി വളർത്തൽ കേന്ദ്രങ്ങൾ

വിഹിതം : 14,37,74,000 രൂപ (പദ്ധതിയേതരം)

കൊല്ലം ജില്ലാ ടർക്കി ഫാം കെട്ടിടത്തിന്റെ വാടക കുടിശ്ശിക നൽകുന്നതിനായി 12.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

**സ്വീകരിച്ച നടപടി**

അഡീഷണൽ ഓതറൈസേഷനായി 19,56,000/-(G.O(Rt) No. 30007/ 2024/FIN dated 25.03.2024), റീ അപ്രോപ്രിയേഷനിലൂടെ 23,93,000/- (G.O(Rt) No. 3010/2024/FIN dated 25.03.2024) & (G.O(Rt) No. 3011/ 2024/FIN dated 25.03.2024) ഈ തുക Ways and Means ൽ നൽകിയെങ്കിലും അനുമതി ലഭിക്കാത്തതിനാൽ 2023-24 സാമ്പത്തിക വർഷം മാറിയിട്ടില്ല.

**ശിപാർശ**

2403-00-109-96 - വെറ്ററിനറി വികസനം

വിഹിതം : 5,62,93,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

**സ്വീകരിച്ച നടപടി**

തുക ലഭിച്ചിട്ടില്ല.

**കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്**

**ശിപാർശ**

2403-00-103-82 – പേരന്റ് സ്റ്റോക്കുകളുടെ ശാക്തീകരണം (മുട്ടക്കോഴിയും ബ്രോയിലറും)

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

മുട്ടക്കോഴികളുടെ വിതരണം തടസ്സം കൂടാതെ നടപ്പിലാക്കുന്നതിന് ബ്രീഡർ ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കി കോഴിയിറച്ചിയുടെയും കോഴിമുട്ടയുടെയും ആഭ്യന്തര ഉത്പാദന വിപണനത്തിലെ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

**സ്വീകരിച്ച നടപടി**

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

2403-00-103-81 – സംയോജിത കോഴിവളർത്തലിനെ ശക്തിപ്പെടുത്തൽ

വിഹിതം : 100,00,000 രൂപ (പദ്ധതി)

സംസ്ഥാനത്തിന് അനുയോജ്യമായതും ആഭ്യന്തര മുട്ട ഉൽപ്പാദനത്തിനും ഗ്രാമീണ ജനതയ്ക്ക് ഉപജീവനമാർഗ്ഗം വർദ്ധിപ്പിക്കുന്നതിനും വലിയ സംഭാവന നൽകുന്നതുമായ 'ചെറുകിട മുട്ടക്കോഴി വളർത്തൽ' പദ്ധതി പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

**സ്വീകരിച്ച നടപടി**

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

**മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്**

**ശിപാർശ**

2403-00-190-94 - കെ.എസ്.പി.ഡി.സി.ക്ക് സഹായം

വിഹിതം : 50,00,00,000 രൂപ (പദ്ധതി)

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണത്തിന് വേണ്ടിയും ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടിയും 2.6 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

**സ്വീകരിച്ച നടപടി**

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

**മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്**

**ശിപാർശ**

2403-00-190-93 - മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യക്ക് സഹായം

വിഹിതം : 4,50,00,000 രൂപ (പദ്ധതി)

മാംസോൽപ്പാദന രംഗത്ത് കേരളത്തിൽ പ്രവർത്തിക്കുന്ന ഒരേയൊരു പൊതുമേഖലാ സ്ഥാപനമാണ് മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇൻഡ്യ (എം.പി.ഐ) ലിമിറ്റഡ്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ ബൈബാക്ക് സംവിധാനത്തിലൂടെ പോത്തുകളെയും ആടുകളെയും വളർത്തൽ പദ്ധതിക്കായി 91 ലക്ഷം രൂപയും കണ്ണൂരിൽ ശീതീകരണ ഹബ്ബ് സ്ഥാപിക്കാൻ 1 കോടി രൂപയും വിപണന

കേന്ദ്രത്തിൽ ഫ്രീസർ/ബോർഡ് സംവിധാനങ്ങൾ സജ്ജീകരിക്കാൻ 2.5 കോടി രൂപയും കൊല്ലം കാസർഗോഡ് ജില്ലകളിൽ 2 പെറ്റ്ഫുഡ് പ്ലാന്റുകൾ നിർമ്മിക്കുന്നതിനായി 1 കോടി രൂപയും തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ സ്ഥാപിക്കുന്ന കാള, പോത്ത്, കിടാരി വളർത്തൽ കേന്ദ്രം എന്ന പദ്ധതിക്കായി 1 കോടി രൂപയും ഭക്ഷ്യസുരക്ഷ അവയർനെസ് പ്രോഗ്രാമിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷ അടിസ്ഥാനമാക്കി കർഷകർ, ഉപഭോക്താക്കൾ, ബുച്ചറന്മാർ, വിദ്യാർത്ഥികൾ, എന്നിവർക്ക് ബോധവൽക്കരണത്തിനുള്ള പരിശീലനം നടത്തുന്നതിനായി 1 കോടി രൂപയും ഉൾപ്പെടെ 7.41 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

## സ്വീകരിച്ച നടപടി

മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യയിൽ നിന്നും അധിക തുകയ്ക്കായി പ്രൊപ്പോസൽ ഒന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുക അനുവദിച്ചിട്ടില്ല.

## കേരള ഫീഡ്സ് ലിമിറ്റഡ്

## ശിപാർശ

2403-00-190-86 - കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

കാലിത്തീറ്റ വിലകുറച്ച് നൽകുന്ന പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പിനായി 5 കോടി രൂപയും ക്ഷീരകർഷകർക്ക് ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി 6 കോടി രൂപയും ഉൾപ്പെടെ ആകെ 11 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

## സ്വീകരിച്ച നടപടി

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

**കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്**

**ശിപാർശ**

2403-00-190-83 – കേരള ലൈവ്സ്റ്റോക്ക് ബോർഡിനുള്ള സഹായം

വിഹിതം : 46,93,75,000 രൂപ (പദ്ധതി)

പാലക്കാട് ജില്ലയിലെ കെ.എൽ.ഡി. ബോർഡിന്റെ ധോണി ഫാമിലെ ജലദൗർലഭ്യത പരിഹരിച്ച് അവിടെ പരിപാലിക്കപ്പെടുന്ന മുന്തിയ ഇനം ആട്/കന്നുകാലികൾക്കാവശ്യമായത്ര തീറ്റപ്പുൽ ഉൽപാദിപ്പിക്കാവുന്ന രീതിയിൽ വിഭാവനം ചെയ്ത പദ്ധതി നടപ്പിലാക്കുന്നതിനും നിലവിൽ മഴക്കാലത്ത് മഴവെള്ളം നഷ്ടപ്പെടുന്നത് തടയുന്നതിനും ജലസ്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിക്കുള്ള സാദ്ധ്യതാ പഠനത്തിനുമായി 45000 രൂപയും കന്നുകാലികളുടെ വന്ധ്യതാ നിരീക്ഷണ കേന്ദ്രവും റഫറൽ കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കായി 15.15 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 15.6 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

**സ്വീകരിച്ച നടപടി**

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും പദ്ധതി ഘടകങ്ങൾക്കായി വകയിരുത്തിയ ബജറ്റ് വിഹിതം തന്നെ പൂർണ്ണമായി ചെലവഴിക്കപ്പെട്ടതായി കാണാത്തതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

**കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി**

**ശിപാർശ**

2403-00-188-99-31 - കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി- സഹായധനം- ശമ്പളം

വിഹിതം : 94,35,80,000 രൂപ (പദ്ധതിയേതരം)

ശമ്പളം/പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി സർവ്വകലാശാലാ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം, പെൻഷൻ എന്നിവ വിതരണം

ചെയ്യുന്നതിനായും മൃഗങ്ങൾക്കുള്ള തീറ്റ, മരുന്ന്, മറ്റ് അത്യാവശ്യ ചെലവുകൾ എന്നിവ നിർവഹിക്കുന്നതിനായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 88.642 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

## സ്വീകരിച്ച നടപടി

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

2403-00-188-99-36 – കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി-സഹായധനം- ശമ്പളേതരം

വിഹിതം : 49,00,00,000 രൂപ (പദ്ധതി)

കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിലുള്ള കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജിക്ക് കെട്ടിടം പണിയുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

## സ്വീകരിച്ച നടപടി

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

## ക്ഷീരവികസന വകുപ്പ്

## ശിപാർശ

2404-00-001-99 - ഡയറക്ടറേറ്റ്

വിഹിതം : 7,41,28,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 01 (1) ഇനത്തിൽ 1 കോടി രൂപയും 01 (2) ക്ഷാമബത്ത ഇനത്തിൽ 75 ലക്ഷം രൂപയും 01(3) വീട്ടുവാടക അലവൻസ് ഇനത്തിൽ 10 ലക്ഷം

രൂപയും 01(4) മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 1 ലക്ഷം രൂപയും 02(1) ഇനത്തിൽ 10 ലക്ഷം രൂപയും 02(2) ക്ഷാമബത്ത ഇനത്തിൽ 50,000/- രൂപയും 04(1) ഇനത്തിൽ 1 ലക്ഷം രൂപയും 04(4) ഇനത്തിൽ 1.23 ലക്ഷം രൂപയും 05(2) ഇനത്തിൽ 2 ലക്ഷം രൂപയും 06 (വാടക, കരം, നികുതി) ഇനത്തിൽ 2 ലക്ഷം രൂപയും 21-2 മോട്ടോർ വാഹനങ്ങൾ (സംരക്ഷണവും അറ്റകുറ്റപ്പണികളും) ഇനത്തിൽ 1.11 ലക്ഷം രൂപയും 45 (പി.ഒ.എൽ) ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.0484 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

## സ്വീകരിച്ച നടപടി

1) 04-10-2023-ലെ Additional Authorisation ഉത്തരവ് G.O(Rt)No.6973/2023/Fin പ്രകാരം 2404-00-001-99-06-RRT (NP) ശീർഷകത്തിൽ 1,61,000/- രൂപയും 2404-00-001-99-45-POL(NP) ശീർഷകത്തിൽ 50,000/- രൂപയും അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

2) 05-12-2023-ലെ Additional Authorisation ഉത്തരവ് G.O(Rt)No.8551/2023/Fin പ്രകാരം 2404-00-001-99-45-POL(NP) ശീർഷകത്തിൽ 1,65,000/- രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

3) 06-03-2024-ലെ Additional Authorisation ഉത്തരവ് G.O(Rt)No.2171/2024/Fin പ്രകാരം 2404-00-001-99-04-TE-1-Tour TA (NP) ശീർഷകത്തിൽ 15,000/- രൂപയും, 2404-00-001-99-05-OE-2-EC (NP) ശീർഷകത്തിൽ 1,30,000/- രൂപയും 2404-00-001-99-06-RRT (NP) ശീർഷകത്തിൽ 1,41,000/- രൂപയും 2404-00-001-99-21-MV-2-R&M (NP) ശീർഷകത്തിൽ 26,000/- രൂപയും അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

മറ്റ് ശീർഷകങ്ങളിൽ അധിക തുക വേണ്ടിവരാത്തതിനാൽ ധന:പുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുകയൊന്നും തന്നെ ആവശ്യപ്പെടേണ്ടി വന്നിരുന്നില്ല.

**ശിപാർശ**

2404-00-001-98- **ജില്ലാഭരണം**

വിഹിതം : 21,03,16,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 01(1) ശമ്പള ഇനത്തിൽ 5 കോടി രൂപയും 01(2) ക്ഷാമബത്ത ഇനത്തിൽ 1.5 കോടി രൂപയും 1(4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ 1 ലക്ഷം രൂപയും 02(1) വേജസ് ഇനത്തിൽ 15 ലക്ഷം രൂപയും 02(2) ക്ഷാമബത്ത ഇനത്തിൽ 1.52 ലക്ഷം രൂപയും 02(3) മറ്റ് അലവൻസ് ഇനത്തിൽ 80,000/- രൂപയും 04(1) യാത്രാചെലവുകൾ ഇനത്തിൽ 4.37 ലക്ഷം രൂപയും 05(2) ഇനത്തിൽ 6 ലക്ഷം രൂപയും 05(04) ഇനത്തിൽ 2 ലക്ഷം രൂപയും 06 (വാടക, കരം, നികുതി) ഇനത്തിൽ 10 ലക്ഷം രൂപയും 21-2 മോട്ടോർ വാഹനങ്ങൾ (സംരക്ഷണവും അറ്റകുറ്റപ്പണികളും) ഇനത്തിൽ 1 ലക്ഷം രൂപയും 45 (പി.ഒ.എൽ) ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 6.9269 കോടി രൂപ ഈ ശീർഷകത്തിൽ ധന:പുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

**സ്വീകരിച്ച നടപടി**

1) 04-10-2023-ലെ Additional Authorisation ഉത്തരവ് G.O(Rt)No.6973/2023/Fin പ്രകാരം 2404-00-001-98-06-RRT (NP) ശീർഷകത്തിൽ 4,38,000/- രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

2) 05-12-2023-ലെ Additional Authorisation ഉത്തരവ് G.O(Rt)No.8551/2023/Fin പ്രകാരം 2404-00-001-98-01-Salaries-4-MR (NP) ശീർഷകത്തിൽ 2,25,000/- രൂപയും, 2404-00-001-98-04-TE-4LTC (NP) ശീർഷകത്തിൽ 7,000/- രൂപയും, 2404-00-001-98-05-OE-2-EC(NP) ശീർഷകത്തിൽ 4,95,000/- രൂപയും, അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

3) 06-03-2024-ലെ Additional Authorisation ഉത്തരവ് G.O(Rt)No.2171/2024/Fin പ്രകാരം 2404-00-001-98-05-OE-4-OI (NP) ശീർഷകത്തിൽ 15,000/- രൂപയും, 2404-00-001-98-06-RRT (NP) ശീർഷകത്തിൽ 2,00,000/- രൂപയും 2404-00-001-98-21-MV-2-R&M(NP) ശീർഷകത്തിൽ 1,42,000/- രൂപയും അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

മറ്റ് ശീർഷകങ്ങളിൽ അധിക തുക വേണ്ടിവരാത്തതിനാൽ ധന:പുനർവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുകയൊന്നും തന്നെ ആവശ്യപ്പെടേണ്ടി വന്നിരുന്നില്ല.

**ശിപാർശ**

2404-00-001-97 - വികസന പ്രവർത്തനഘടകങ്ങൾ

വിഹിതം : 41,85,10,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 01(1) ശമ്പള ഇനത്തിൽ 7 കോടി രൂപയും 01(2) ക്ഷാമബത്ത ഇനത്തിൽ 1.54 കോടി രൂപയും 01(3) (വീട്ട് വാടക അലവൻസ്) ഇനത്തിൽ 20 ലക്ഷം രൂപയും 01(4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ 3 ലക്ഷം രൂപയും 02(4) ഇനത്തിൽ 1.16 കോടി രൂപയും ഉൾപ്പെടെ ആകെ 9.93 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

**സ്വീകരിച്ച നടപടി**

Additional Authorisation മുഖേനെ 2404-00-001-97-02-Wages-04-Consolidate pay (NP) ശീർഷകത്തിൽ 7,20,000/- രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് പരിഗണിച്ചിരുന്നില്ല.

മറ്റ് ശീർഷകങ്ങളിൽ അധിക തുക വേണ്ടിവരാത്തതിനാൽ ധന:പുനർവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുകയൊന്നും തന്നെ ആവശ്യപ്പെടേണ്ടി വന്നിരുന്നില്ല.

**ശിപാർശ**

2404-00-102-99 -പശുക്കളുടെ ക്ഷീരോല്പാദന ശേഷിമെച്ചപ്പെടുത്തുന്നതിനും കൂടുതൽ പാൽ ഉല്പാദിപ്പിക്കാനുമുള്ള പദ്ധതി

വിഹിതം : 90,000 രൂപ (പദ്ധതിയേതരം)

ക്യാറ്റിൽ ഇപ്രൂവ്മെന്റ് അസിസ്റ്റന്റ് മാർക്ക് ഇൻസെന്റീവ്, ഫെസ്റ്റിവൽ അലവൻസ് എന്നിവയ്ക്കും കന്നുകാലികളെ കൃത്രിമ ബീജദാനത്തിനുള്ള സെമന്റെ വിലയ്ക്കുമായുമുള്ള ചെലവുകൾക്കും കെ.എൽ.ഡി.ബിയ്ക്ക് 10 ലക്ഷം രൂപ കുടിശ്ശിക നൽകുന്നതിനും ബജറ്റിൽ വകയിരിത്തിരുന്ന തുക അപര്യാപ്തമായതിനാൽ 10 ലക്ഷം

രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

**സ്വീകരിച്ച നടപടി**

ശീർഷകത്തിൽ അധിക തുക വേണ്ടിവരാത്തതിനാൽ ധന:പുനർവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുകയൊന്നും തന്നെ ആവശ്യപ്പെടേണ്ടി വന്നിരുന്നില്ല.

**ശിപാർശ**

2404-00-102-96 - ഗ്രാമീണക്ഷീരവ്യവസായ ഉപദേശക പ്രവർത്തനങ്ങൾ

വിഹിതം : 7,95,00,000 രൂപ (പദ്ധതി)

ക്ഷീര സാന്ത്വനം സമഗ്ര ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് ക്ഷീര കർഷകർക്ക് ആരോഗ്യ സുരക്ഷ, അപകട സുരക്ഷ, ലൈഫ് ഇൻഷ്വറൻസ് എന്നിവ നൽകുന്നതിനായി ബജറ്റിൽ വകയിരിത്തിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4.05 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

**സ്വീകരിച്ച നടപടി**

ടി ശീർഷകത്തിൽ ആദ്യത്തെയും അവസാനത്തെയും എസ് ഡി ജി യിൽ 3 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും ടി തുകയും അംഗീകാരവും ലഭിക്കാത്തതിനാൽ പദ്ധതി ഈ ശീർഷകത്തിൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ടി പദ്ധതി നടപ്പിലാക്കുക എന്നത് സർക്കാരിന്റെ നയസമീപനത്തിന്റെ ഭാഗമായതിനാൽ ക്ഷീരസാന്ത്വനം പദ്ധതിയ്ക്ക് വേണ്ടി ക്ഷീരകർഷകക്ഷേമനിധിയുടെ ശീർഷകത്തിലും 3 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. എന്നാൽ തുക അനുവദിച്ച് കിട്ടിയില്ല.

**ശിപാർശ**

മേൽ പരാമർശിത ശീർഷകവുമായി ബന്ധപ്പെട്ട പദ്ധതിയിൻ കീഴിലുള്ള ആകസ്മിക ചെലവുകൾ എന്ന ഘടകം ഒഴിവാക്കിയതിനാൽ ക്ഷീരവികസന മേഖലയുമായി ബന്ധപ്പെട്ട അടിയന്തര ചെലവുകൾ നിർവ്വഹിക്കുവാൻ കഴിയാത്ത അവസ്ഥയാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ആകസ്മിക ചെലവുകൾ എന്ന ഘടകം കൂടി പ്രസ്തുത ശീർഷകത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

**സ്വീകരിച്ച നടപടി**

ഇതുമായി ബന്ധപ്പെട്ട് സബ്ജക്റ്റ് കമ്മിറ്റിയിൽ നിന്നും അനുമതി ലഭിച്ചെങ്കിലും പ്ലാൻ വിവരണത്തിൽ ഇല്ലാത്തതിനാലും ആസൂത്രണ ബോർഡിന്റെ അംഗീകാരം ലഭിക്കാത്തതിനാലും പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

**ശിപാർശ**

2404-00-102-79 - കാലിത്തീറ്റയ്ക്കുള്ള സബ്സിഡി

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

3,634 ക്ഷീര സംഘങ്ങളിലൂടെ പച്ചപ്പുൽ, വൈക്കോൽ എന്നിവ ധനസഹായ നിരക്കിൽ വിതരണം ചെയ്ത് ഉൽപാദനം ചെലവ് ലഘൂകരിച്ച് ക്ഷീര വൃത്തി ആദായകരമാക്കുവാൻ ലക്ഷ്യമിട്ട് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾക്കായി ബജറ്റിൽ വകയിരിത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

**സ്വീകരിച്ച നടപടി**

സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് നിലവിൽ ആകെ പദ്ധതി തുകയുടെ 65 ശതമാനം മാത്രമാണ് ഫിനാൻസ് വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ളത്. ഇതിന്റെ 96 ശതമാനം നാളിതുവരെ ചെലവഴിച്ചിട്ടുമുണ്ട്. ബാക്കി തുകയ്ക്കുള്ള ബില്ലുകൾ ട്രഷറിയിൽ നൽകിയിട്ടുണ്ട്. ആയതിനാൽ നിലവിൽ തുക പൂർണ്ണമായും ലഭിക്കാത്തതിനാൽ ടി തുകയ്ക്ക് വേണ്ടി സർക്കാരിലേയ്ക്ക് അപേക്ഷിച്ചിട്ടില്ല. ടി തുക അവസാനത്തെ എസ് ഡി ജി യിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും അയത് അനുവദിച്ച ലഭിച്ചിട്ടില്ല.

**ശിപാർശ**

2404-00-102-77- കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോല്പാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉല്പാദനവും സൂക്ഷിക്കലും

വിഹിതം : 8,50,00,000 രൂപ (പദ്ധതി)

2023-24 സാമ്പത്തിക വർഷം 90 ഏക്കർ തരിശ്ശ് ഭൂമിയിൽ അധികമായി പുൽകൃഷി പദ്ധതി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്കായി തീറ്റപ്പുൽ കൃഷി പദ്ധതികളുടെ സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ കൂടുതൽ തീറ്റപ്പുൽ കൃഷി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാനും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

**സ്വീകരിച്ച നടപടി**

സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് നിലവിൽ ആകെ പദ്ധതി തുകയുടെ 65 ശതമാനം മാത്രമാണ് ഫിനാൻസ് വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ളത്. ഇതിന്റെ 96.7 ശതമാനം നാളിതുവരെ ചെലവഴിച്ചിട്ടുമുണ്ട്. ബാക്കി തുകയ്ക്കുള്ള ബില്ലുകൾ ട്രഷറിയിൽ നൽകിയിട്ടുണ്ട്. ടി തുക അവസാനത്തെ എസ് ഡി ജി യിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും അയത് അനുവദിച്ച ലഭിച്ചിട്ടില്ല.

**ശിപാർശ**

2404-00-102-76-34-03 - ക്ഷീര കർഷർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിക്ക് ധനസഹായം

വിഹിതം : 50,00,000 രൂപ (പദ്ധതി)

ക്ഷീര കർഷകർക്ക് ആരോഗ്യ സുരക്ഷ, അപകട സുരക്ഷ, ലൈഫ് ഇൻഷ്വറൻസ് എന്നിവ ക്ഷീര കർഷക ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

**സ്വീകരിച്ച നടപടി**

ടി പദ്ധതി നടത്തിപ്പിനായി 3 കോടി സർക്കാരിലേക്ക് ഒന്നാം എസ് ഡി ജി മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അനുവദിച്ച് ലഭിക്കാത്തതിനാൽ നിലവിൽ ബഡ്ജറ്റിൽ അനുവദിച്ച തുകയായ 50 ലക്ഷം രൂപ ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

**ശിപാർശ**

2404-00-109-98 - ക്ഷീര വികസന പരിശീലന കേന്ദ്രം

വിഹിതം : 5,76,22,000 രൂപ (പദ്ധതിയേതരം)

ടി ശീർഷകത്തിൽ 01(1) ശമ്പള ഇനത്തിൽ 1.029 കോടി രൂപയും 01(2) ക്ഷാമബത്ത ഇനത്തിൽ 7.6 ലക്ഷം രൂപയും 02(4) ഇനത്തിൽ 1.3 ലക്ഷം രൂപയും 05(4) ഇനത്തിൽ 75000/-രൂപയും ഉൾപ്പെടെ ആകെ 1.1255 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

**സ്വീകരിച്ച നടപടി**

1) 04-10-2023 ലെ Additional Authorisation ഉത്തരവ് G.O(Rt) No. 6973/2023/Fin. പ്രകാരം 2404-00-109-98-06-RRT(NP) ശീർഷകത്തിൽ 2,10,000/- രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

2) 05-12-2023 ലെ Additional Authorisation ഉത്തരവ് G.O(Rt) No. 8551/2023/Fin. പ്രകാരം 2404-00-109-98-05-OE-1-WC(NP) ശീർഷകത്തിൽ 20,000/- രൂപയും 2404-00-109-98-05-OE-4-OI(NP) ശീർഷകത്തിൽ 35,000/- രൂപയും അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

3) 06-03-2024 ലെ Additional Authorisation ഉത്തരവ് G.O(Rt) No. 2171/2024/Fin. പ്രകാരം 2404-00-109-98-04-TE-1-Tour TA(NP) ശീർഷകത്തിൽ 1,00,000/- രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

മറ്റ് ശീർഷകങ്ങളിൽ അധിക തുക വേണ്ടിവരാത്തതിനാൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുകയൊന്നുംതന്നെ ആവശ്യപ്പെടേണ്ടി വന്നിരുന്നില്ല.

## ശിപാർശ

2404-00-109-95 - ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന പാലിന്റെയും പാലുത്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

## സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് നിലവിൽ ആകെ പദ്ധതി തുകയുടെ 65 ശതമാനം മാത്രമാണ് ഫിനാൻസ് വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ളത്. ഇതിന്റെ 61 ശതമാനം നാളിതുവരെ ചെലവഴിച്ചിട്ടുമുണ്ട്. ബാക്കി 39 ശതമാനം തുകയ്ക്കുള്ള ബില്ലുകൾ ട്രഷറിയിൽ നൽകിയിട്ടുമുണ്ട്. ടി തുക അവസാനത്തെ എസ് ഡി ജി യിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് അനുവദിച്ചു ലഭിച്ചിട്ടില്ല.

**ശിപാർശ**

2404-00-195-94 - ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായം

വിഹിതം : 29,98,00,000 രൂപ (പദ്ധതി)

ഗർഭാവസ്ഥയും ഇളംകറവയിലുമുള്ള പശുകൾക്ക് പ്രത്യേക ആരോഗ്യസംരക്ഷണം പദ്ധതിയുടെ നടത്തിപ്പിലേക്കായി 5.88 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

**സ്വീകരിച്ച നടപടി**

ടി തുക അവസാനത്തെ എസ് ഡി ജി യിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് അനുവദിച്ചു ലഭിച്ചിട്ടില്ല.

**ശിപാർശ**

4404-00-109-96 - വാണിജ്യ ഡയറി, മിൽക്ക് ഷെഡ് വികസന പദ്ധതി

വിഹിതം : 6,84,00,000 രൂപ (പദ്ധതി)

മിൽക്ക് ഷെഡ് വികസന പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 66 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

**സ്വീകരിച്ച നടപടി**

ടി തുക അവസാനത്തെ എസ് ഡി ജി യിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് അനുവദിച്ചു ലഭിച്ചിട്ടില്ല.

**ശിപാർശ**

4404-00-195-98 - ക്ഷീര സഹകരണ സംഘങ്ങളിലുള്ള നിക്ഷേപം

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

ക്ഷീര സഹകരണ സംഘങ്ങളുടെ മൂലധന വർദ്ധനവ് പൂർണ്ണമായി നിർവ്വഹിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

**സ്വീകരിച്ച നടപടി**

ടി തുക അവസാനത്തെ എസ് ഡി ജി യിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് അനുവദിച്ചു ലഭിച്ചിട്ടില്ല.

## മത്സ്യബന്ധന വകുപ്പ്

**ശിപാർശ**

2405-00-001-99 – നടത്തിപ്പ്

വിഹിതം : 41,37,08,000 രൂപ (പദ്ധതിയേതരം)

ഇലക്ട്രിസിറ്റി ചാർജ്ജ് ഒടുക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ 2405-00-001-99(NP) ശീർഷകത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ ജി.ഒ.(ആർ.ടി.) നം. 7242/2023/ഫിൻ., തീയതി 13.10.2023 പ്രകാരം 24 ലക്ഷം രൂപ അധിക ധനാനുമതിയായും ജി.ഒ.(ആർ.ടി.) നം. 1869/2024/ഫിൻ., തീയതി 27.02.2024 പ്രകാരം 24 ലക്ഷം രൂപ ധന:പുനവിനിയോഗം വഴിയും ലഭ്യമാക്കിയിട്ടുണ്ട്.

## ശിപാർശ

2405-00-101-90 – ദേശീയ വിത്തുൽപാദന പരിപാടി

വിഹിതം : 1,71,24,000 രൂപ (പദ്ധതിയേതരം)

ഹാച്ചറികൾ/ഫാമുകളിലെ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന തൊഴിലാളികൾ, പ്രോജക്ട് അസിസ്റ്റന്റുമാർ എന്നിവർക്ക് വേതനം നൽകുന്നതിനുള്ള അധിക ചെലവ് വഹിക്കുന്നതിനായി ബഡ്ജറ്റിൽ തുക അപര്യാപ്തമായതിനാൽ 1.6824 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 98)

## സ്വീകരിച്ച നടപടി

2023-2024 സാമ്പത്തിക വർഷത്തിൽ 2405-00-101-90-ദേശീയ വിത്തുല്പാദന പരിപാടി എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 1,71,24,000/- രൂപ വകയിരുത്തിയിരുന്നു.

ഹാച്ചറികൾ/ഫാമുകളിലെ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന തൊഴിലാളികൾക്ക് പ്രോജക്ട് അസിസ്റ്റന്റുമാർ എന്നിവർക്ക് വേതനം നൽകുന്നതിനായി 1,68,24,000/- രൂപ ആദ്യബാച്ച് SDG മുഖേന തുക ആവശ്യപ്പെട്ടെങ്കിലും ആയത് അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല.

എന്നാൽ ദേശീയ മത്സ്യവിത്തു കേന്ദ്രത്തിന് Other Charges, Hiring Charges of Vehicle, Office Expenses എന്നീ ഇനങ്ങളിൽ 1,38,631/- രൂപ അധിക തുകയായി ലഭ്യമാക്കുന്നതിനായി റീ അപ്രോപ്രിയേഷൻ പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ.ഉ.(സാധാ) നം. 2490/2024/ഫിൻ. തീയതി 15.03.2024 ഉത്തരവ് പ്രകാരം ടി ശീർഷകത്തിൽ 1,39,000/- രൂപ അനുവദിച്ച് ലഭ്യമാക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ**

2405-00-101-87 - മത്സ്യ വിത്ത് ഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

ഹാച്ചറികളുടെ/ഫാമുകളുടെപ്രവർത്തനങ്ങൾക്കായി അധിക ചെലവ് വഹിക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 99)

**സ്വീകരിച്ച നടപടി**

ഹാച്ചറികൾ/ഫാമുകളുടെ പ്രവർത്തനങ്ങൾക്കായി 2023-24 സാമ്പത്തിക വർഷത്തിൽ 2405-00-101-87(NP) ശീർഷകത്തിൽ 140 ലക്ഷം രൂപയുടെ പദ്ധതിയ്ക്കായി അംഗീകാരം നൽകിയെങ്കിലും നിലവിൽ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയ ഒരു കോടി രൂപയിൽ നിജപ്പെടുത്താൻ നിർദ്ദേശം നൽകിയിരുന്നു. ട്രഷറി നിയന്ത്രണങ്ങൾ കാരണം വകയിരുത്തിയ തുക പൂർണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

**ശിപാർശ**

2405-00-101-54 - മത്സ്യകൃഷി വികസനം

വിഹിതം :ഇല്ല(പദ്ധതിയേതരം)

മത്സ്യകൃഷിക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 100)

**സ്വീകരിച്ച നടപടി**

മത്സ്യകൃഷിക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ 2405-00-101-54(NP) ശീർഷകത്തിൽ 5 കോടി രൂപ SDG മുഖേന അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

**ശിപാർശ**

2405-00-101-52 – ജലാശയ വിഭവങ്ങളുടെ ആരോഗ്യ മേൽനോട്ടവും നിർവ്വഹണവും

വിഹിതം : 100,00,000 രൂപ (പദ്ധതി)

സംസ്ഥാനത്തെ അക്വാട്ടിക് ആനിമൽ ഹെൽത്ത് ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നതിനും അധികമായി വരുന്ന ചെലവുകൾ വഹിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 101)

**സ്വീകരിച്ച നടപടി**

സംസ്ഥാനത്തെ അക്വാട്ടിക് ആനിമൽ ഹെൽത്ത് ലാബുകളുടെ പ്രവർത്തനങ്ങൾക്കായി 2023-2024 സാമ്പത്തിക വർഷത്തിൽ 149.25 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിക്കുകയും വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച ബഡ്ജറ്റ് വിഹിതമായി 100 ലക്ഷം രൂപയിൽ നിജപ്പെടുത്തി ഭരണാനുമതി നൽകുകയും അതിൻ പ്രകാരം പദ്ധതി നടപ്പാക്കുകയും ചെയ്തു.

**ശിപാർശ**

2405-00-101-48 - അക്വാകൾച്ചർ വിപുലീകരണ സേവനങ്ങൾ

വിഹിതം : 7,11,00,000 രൂപ (പദ്ധതി)

അക്വാകൾച്ചർ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള അക്വാകൾച്ചർ പ്രൊമോട്ടർ കോ-ഓർഡിനേറ്റർമാരുടെ സേവനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5.57 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

**സ്വീകരിച്ച നടപടി**

അക്വാകൾച്ചർ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള അക്വാകൾച്ചർ പ്രൊമോട്ടർ കോ-ഓർഡിനേറ്റർമാരുടെ സേവനത്തിനും മറ്റ് വിപുലീകരണ പ്രവർത്തനങ്ങൾക്കുമായി 2405-00-

101-48(P) ശീർഷകത്തിൽ 5.57 കോടി രൂപ ആദ്യ ബാച്ച് എസ്.ഡി.ജി. മുഖേന അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 5.57 കോടി രൂപയിൽ 2.00 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന തുക അനുവദിക്കുകയും തുക വിനിയോഗിക്കുകയും ചെയ്തു.

**ശിപാർശ**

2405-00-103-99 – സമുദ്രമത്സ്യബന്ധനം നിയന്ത്രിക്കുന്നതിനു വേണ്ടി അതിർത്തി മേഖലകളിൽ റോന്തു ചുറ്റൽ

വിഹിതം : 7,51,82,000 രൂപ (പദ്ധതിയേതരം)

ഫിഷറീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിനായി 32 തസ്തികകൾ സൃഷ്ടിച്ചതുമൂലമുണ്ടാകുന്ന അധിക ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.33 കോടി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 103)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ 2405-00-103-99(NP) ശീർഷകത്തിൽ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ഇനത്തിൽ 2,51,000/- രൂപ അധിക ധനാനുമതി മുഖേനയും 3,03,000/- രൂപ ധനപുന:വിനിയോഗം വഴിയും അനുവദിച്ചു ലഭ്യമായിട്ടുണ്ട്.

**ശിപാർശ**

2405-00-103-91 – മത്സ്യ വിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും (ആഴക്കടൽ മത്സ്യബന്ധനം)

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

പട്രോളിംഗ് സുരക്ഷബോട്ടുകളുടെ പ്രവർത്തനത്തിന് കൂടുതൽ തുക ഇന്ധന ചെലവിനായി വകയിരുത്തേണ്ടതിനാൽ 6 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 104)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയ 900 ലക്ഷം രൂപ ട്രഷറി നിയന്ത്രണങ്ങൾ കാരണം പൂർണമായി ചെലവഴിക്കാൻ സാധിക്കാത്തതിനാൽ ഈ ശീർഷകത്തിൽ അധികമായി തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2405-00-103-82- സംയാജിത മത്സ്യബന്ധന വികസനപദ്ധതി (എൻ.സി.ഡി.സി. സഹായം ) - സംസ്ഥാന വിഹിതം

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

ഭരണാനുമതി ലഭിച്ച നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ധനസഹായത്തോടെയുള്ള പദ്ധതികളിൽ കേന്ദ്ര സംസ്ഥാന സബ്സിഡി ഇനത്തിൽ 14.18 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ 1,91,37,000/- രൂപ അധിക ധനാനുമതിയായി അനുവദിച്ചു.

**ശിപാർശ**

2405-00-103-76 - സമുദ്രസുരക്ഷയും രക്ഷാപ്രവർത്തനങ്ങളും

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

കടൽ സുരക്ഷാ ഉപകരണങ്ങൾ, നാവിഗേഷൻ ഉപകരണങ്ങൾ, വാർത്താവിനിമയ ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിലേയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4.5 കോടി രൂപ ഈ ശീർഷകത്തിൽ ധന:പുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

**സ്വീകരിച്ച നടപടി**

ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ട് പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ**

2405-00-103-72 - പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട മാസ്റ്റർ കൺട്രോൾ റൂം റീജണൽ കൺട്രോൾ റൂമുകളും സ്ഥാപിക്കൽ

വിഹിതം : 1,00,000 രൂപ (പദ്ധതിയേതരം)

കൺട്രോൾ റൂം വാഹനത്തിന്റെ ഇന്ധന ചെലവ്, ഡ്രൈവറുടെ വേതനം, മാസ്റ്റർ കൺട്രോൾ റൂം, സിസ്റ്റം അഡ്മിനിസ്ട്രേറ്ററുടെ വേതനം എന്നിവ നൽകുന്നതിനും അധിക തുക ആവശ്യമായതിനാൽ 9 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട മാസ്റ്റർ കൺട്രോൾ റൂമും റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിക്കുന്നതിനുമായി 2405-00-103-72 (നോൺ പ്ലാൻ) ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയ തുകയ്ക്കു പുറമേ അധികമായി തുക ആവശ്യമായി വരാത്തതിനാൽ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി തുക വകയിരുത്തുന്നതിനായി സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

**ശിപാർശ**

2405-00-103-70 - സമുദ്രജലകൃഷി പ്രവർത്തനങ്ങൾ

വിഹിതം : 10,00,000 രൂപ (പദ്ധതി)

കടലിലെ കൂട്ട മത്സ്യകൃഷി, sea weed farming എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 9 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

**സ്വീകരിച്ച നടപടി**

സമുദ്ര ജലകൃഷി പ്രവർത്തനങ്ങളുടെ ഭാഗമായി കടലിൽ കൂടുകൃഷി നടപ്പാക്കുന്നത് സംബന്ധിച്ച പഠനങ്ങൾ CMFRI മുഖാന്തിരം നടത്തുന്നതിനും അപ്രകാരം DPR തയ്യാറാക്കി പദ്ധതി നടപ്പാക്കുന്നതിനും ശീർഷകത്തിലെ 10 ലക്ഷം രൂപ മതിയാകില്ല എന്നതിനാലാണ് അധിക തുക ആവശ്യപ്പെട്ടത്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി NIOT മുഖാന്തിരം കൂടുകൃഷി നടപ്പാക്കുന്നതിന് 2.40 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയതിന് അംഗീകാരം നൽകുവാൻ സാധിക്കാത്തതിനാൽ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി തുക വകയിരുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ കഴിഞ്ഞില്ല.

**ശിപാർശ**

2405-00-103-69 – ശുചിത്വ സാഗരം - ജലാശയങ്ങളിൽ നിന്നും പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതി

വിഹിതം : 50,00,000 രൂപ (പദ്ധതി)

കടൽത്തീര ശുചീകരണത്തിനും നീണ്ടകര മാതൃകാ ശുചിത്വ സാഗരം പദ്ധതി 20 ഹാർബറുകളിലേയ്ക്കു വ്യാപിപ്പിക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

**സ്വീകരിച്ച നടപടി**

ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ട് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ**

2405-00-105-88 – തീരമൈത്രി സൂപ്പർ മാർക്കറ്റ് - സബ്സിഡികൾ

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ സബ്സിഡി നിരക്കിൽ ആവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിന് സബ്സിഡി നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ

തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 110)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം 2405-00-105-88(P) എന്ന ശീർഷകത്തിൽ 14,67,507,80/- രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ച് നൽകാൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് അനുവദിക്കുവാൻ കഴിഞ്ഞില്ല. ടി പ്രൊപ്പോസൽ നടപ്പ് സാമ്പത്തിക വർഷത്തിൽ സമർപ്പിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

**ശിപാർശ**

2405-00-105-86 - മത്സ്യസൂപ്പർ മാർക്കറ്റുകളുടെ നവീകരണം, മൂല്യവർദ്ധനവ്, വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനങ്ങൾ

വിഹിതം : 3,50,00,000 രൂപ (പദ്ധതി)

മത്സ്യഗുണനിലവാര പരിശോധന ലാബുകൾ, നിലവിലുള്ള മത്സ്യമാർക്കറ്റുകളുടെ നവീകരണം എന്നീ പ്രവർത്തികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 111)

**സ്വീകരിച്ച നടപടി**

മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന ഫിഷ് കിയോസ്ക്ക് പദ്ധതി നടപ്പാക്കുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ 2405-00-105-86 (പ്ലാൻ) ശീർഷകത്തിൽ അധിക ചെലവ് പ്രതീക്ഷിച്ചിരുന്നുവെങ്കിലും തുകയുടെ ലഭ്യത കുറവ് മൂലം ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്ന തുക പൂർണ്ണമായി ചെലവഴിക്കാൻ സാധിച്ചിരുന്നില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

**ശിപാർശ**

2405-00-109-91 – വകുപ്പിന്റെ വികസനവും നവീകരണവും പരിശീലന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും

വിഹിതം : 1,30,00,000 രൂപ (പദ്ധതി)

മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും, വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്കും അന്തർദേശിയ പരിശീലനവും പരസ്പര കൈമാറ്റം വ്യവസ്ഥ വഴി കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള പരിശീലന പരിപാടിയും വിജ്ഞാന വ്യാപനവും നടപ്പാക്കുന്നതിനും ഇ-ഗവേർണൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 70 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 112)

**സ്വീകരിച്ച നടപടി**

ധനകാര്യ വകുപ്പിന്റെയും ട്രഷറിയുടേയും നിയന്ത്രണം നിലനിന്നിരുന്നതിനാൽ 2023-24 സാമ്പത്തിക വർഷത്തിൽ 2405-00-109-91 (പ്ലാൻ) ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്ന തുക പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കാത്തതിനാൽ പ്രതീക്ഷിച്ച രൂപത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തുന്നതിനായി സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

**ശിപാർശ**

2405-00-110-98 – പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവൽക്കരണം

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

കൂടുതൽ യൂണിറ്റുകൾക്ക് insulated fishing box-കൾ ലഭ്യമാക്കുന്നതിനും വലിയ കണ്ണി വലകളും നവീന ചൂണ്ട ഉപകരണങ്ങളും നൽകുന്നതിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 113)

**സ്വീകരിച്ച നടപടി**

ട്രഷറി നിയന്ത്രണങ്ങൾ കാരണം ബഡ്ജറ്റ് തുക പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കാത്തിനാൽ അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

**ശിപാർശ**

2405-00-120-98- ലിംഗസമത്വ സ്ത്രീ ശാക്തീകരണ നയനിർവഹണം -സാഫിനുള്ള ധനസഹായം

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

ലിംഗ സമത്വ സ്ത്രീശാക്തീകരണ നയ നിർവ്വഹണത്തിനായി സാഫിനുള്ള ധനസഹായമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 114)

**സ്വീകരിച്ച നടപടി**

ലിംഗസമത്വ സ്ത്രീ ശാക്തീകരണ നയ നിർവ്വഹണത്തിനായി സാഫിനുള്ള ധനസഹായമായി 9.990 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ച് ഉത്തരവായതനുസരിച്ച് 10.00 ലക്ഷം രൂപ സാഫിന് അനുവദിച്ച നൽകിയിട്ടുണ്ട്.

**ശിപാർശ**

2405-00-121-97 – രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം

വിഹിതം : 25,00,00,000 രൂപ (പദ്ധതിയേതരം)

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകാൻ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 115)

**സ്വീകരിച്ച നടപടി**

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകാൻ ബഡ്ജറ്റിൽ 2405-00-121-97 എന്ന ശീർഷകത്തിൽ വകയിരുത്തിയ 25 കോടി രൂപയും റീ അപ്രോപ്രിയേഷൻ മുഖേന അനുവദിച്ച 16 കോടി രൂപയും പൂർണ്ണമായും ചെലവഴിച്ചു.

**ശിപാർശ**

2405-00-121-96 – മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യബന്ധന മേഖലയിലെ അനുബന്ധത്തൊഴിലാളികൾക്കായുള്ള ഈ പദ്ധതിയിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 116)

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ 34,71,000/- രൂപ റീ അപ്രോപ്രിയേഷൻ മുഖേന അധിക ധനാനുമതിയായി അനുവദിച്ചു.

**ശിപാർശ**

2405-00-121-95 – ട്രോളിംഗ് നിരോധന സമയത്ത് യന്ത്രവൽകൃത ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

ട്രോളിംഗ് നിരോധന സമയത്ത് യന്ത്രവൽകൃത ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4.99 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 117)

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ 5.00 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിച്ചു.

**ശിപാർശ**

2405-00-121-92 - മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

2022-23 സാമ്പത്തിക വർഷം 240974 മത്സ്യത്തൊഴിലാളികളെ ഇൻഷ്വർ ചെയ്യുന്നതിന് 13.79 കോടി രൂപ ചെലവഴിച്ചിട്ടുള്ളതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 118)

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ 1,19,78,720/- രൂപ അധിക ധനാനുമതിയായി അനുവദിച്ചു.

**ശിപാർശ**

2405-00-190-95 - കേരള അക്വാവെൻച്വർ ഇന്റർനാഷണൽ ലിമിറ്റഡ് (കെ.എ.വി.ഐ.എൽ)

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

കാവിലിന്റെ പ്രവർത്തനങ്ങൾക്കായും പദ്ധതി നിർവ്വഹണത്തിനായും വരുന്ന അധികച്ചെലവുകൾ വഹിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 119)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം കാവിൽ-ന്റെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്ന ഒരു കോടി രൂപയിൽ 40.00 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിരുന്നുള്ളു എന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

2405-00-800-27 - മത്സ്യബന്ധനോപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ പരമ്പരാഗത യാനങ്ങളെയും ഇൻഷ്വറൻസ് പരിരക്ഷയിൻ കീഴിൽ കൊണ്ടുവരുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 9 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 120)

**സ്വീകരിച്ച നടപടി**

SDG മുഖേന തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ**

4405-00-101-90 - അക്വാകൾച്ചർ ഡെവലപ്പ്മെന്റ്

വിഹിതം : ഇല്ല (പദ്ധതി)

മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 121)

**സ്വീകരിച്ച നടപടി**

മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 4405-00-101-90 ശീർഷകത്തിൽ 1 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് ഏജൻസികളിൽ നിന്നും യഥാസമയം ബില്ലുകൾ ലഭ്യമാക്കാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

4405-00-103-98 - സംയോജിത മത്സ്യബന്ധന വികസന പദ്ധതി

(100% എൻ.സി.ഡി.സി. സഹായം)

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

ഭരണാനുമതി ലഭിച്ച് നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ധനസഹായത്തോടെയുള്ള പദ്ധതികളിൽ കേന്ദ്ര സംസ്ഥാന സബ്സിഡി ഇനത്തിൽ ഉള്ള തുകയ്ക്കായി 12.4084 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 122)

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ 8,24,17,000/-രൂപ അധിക ധനാനുമതിയായി അനുവദിച്ചു.

**ശിപാർശ**

4405-00-103-94 - തീരദേശ റോഡുകളുടെ നവീകരണം

വിഹിതം : 88,20,00,000 രൂപ (പദ്ധതിയേതരം)

മുൻ വർഷങ്ങളിലെ ബില്ലുകൾ തീർപ്പാക്കുന്നതിനും നിലവിലുള്ള പ്രവർത്തികളുടെ പൂർത്തീകരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 123)

**സ്വീകരിച്ച നടപടി**

2023-24 വർഷം ബഡ്ജറ്റ് വിഹിതം 8820 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. പ്രസ്തുത ശീർഷകത്തിൽ 50 കോടി രൂപ അധികമായി അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തിരുന്നു. Final SDG 2023-24-ൽ ടി സാമ്പത്തിക വർഷത്തെ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി 1200 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് അഭ്യർത്ഥിച്ചിരുന്നു. അഡീഷണൽ ആതറൈസേഷൻ മുഖേന 415.32 ലക്ഷം അനുവദിച്ചിട്ടുണ്ട്. ആകെ ചെലവ് 9235.25 ലക്ഷം രൂപയാണ്.

**ശിപാർശ**

4405-00-103-93- മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും

വിഹിതം : 15,00,00,000 രുപ (പദ്ധതി)

ഭവന പുനരുദ്ധാരണം, കോളനി നവീകരണം എന്നീ പ്രവർത്തികൾക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്കായുള്ള ഫ്ലാറ്റ് നിർമ്മാണം, ഭവന പുനരുദ്ധാരണം, കോളനി നവീകരണം, സ്കൂളുകളുടെയും പി.എച്ച്.സി.-കളുടെയും നവീകരണം തുടങ്ങി വിവിധ വികസന പദ്ധതികൾക്കായി 4405-00-103-93 ശീർഷകത്തിൽ 15 കോടി രൂപ അനുവദിച്ചിരുന്നു. ടി തുക അപര്യാപ്തമായതിനാൽ ആദ്യ ഘട്ട ഉപധനാഭ്യർത്ഥനയിൽ 10 കോടി രൂപയും രണ്ടാം ഉപധനാഭ്യർത്ഥനയിൽ 5 കോടി രൂപയും അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിക്കാൻ കഴിഞ്ഞില്ല.

**ശിപാർശ**

4405-00-103-92- വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കൽ - മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും ഭൂമി ഏറ്റെടുക്കലും

വിഹിതം : ഇല്ല (പദ്ധതി)

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് വിഴിഞ്ഞം പുനരധിവാസ പദ്ധതിയിൽ അടിയന്തരമായി നടപ്പിലാക്കേണ്ട പദ്ധതികൾക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 125)

**സ്വീകരിച്ച നടപടി**

വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പുനരധിവാസ പദ്ധതികൾക്ക 2023-24 സാമ്പത്തിക വർഷം 4405-00-103-92 (പ്ലാൻ) ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി തുകയൊന്നും വകയിരുത്തിയിരുന്നില്ല. എന്നാൽ തീരശോഷണം മൂലം ഭവനം നഷ്ടപ്പെട്ട് ക്യാമ്പുകളിലും ബന്ധുവീട്ടുകളിലും കഴിഞ്ഞിരുന്ന കുടുംബങ്ങൾക്ക് പ്രതിമാസ ധനസഹായമായി 5500/-രൂപ വീതം അനുവദിക്കുന്നതിനായി അഡീഷണൽ ഓതറൈസേഷൻ മുഖേന 1,73,97,000/- രൂപ വീതം അനുവദിക്കുകയും തുക വിനിയോഗിക്കുകയും ചെയ്തു.

**ശിപാർശ**

4405-00-103-89- <u>പുനർഗേഹം - കടൽത്തീരത്തിന് 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം</u>

വിഹിതം : 20,00,00,000 രൂപ (പദ്ധതി)

പുനർഗേഹം പദ്ധതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും പുതിയ കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിനും മുട്ടത്തറയിൽ ഭരണാനുമതി ലഭിച്ച 8 ഏക്കർ ഭൂമിയിൽ 81 കോടി രൂപ ചെലവഴിച്ചുള്ള ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>80 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 126)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം 4405-00-103-89 (പ്ലാൻ) ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്ന 20 കോടി രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ച 10 കോടി രൂപയും ചേർത്ത് ആകെ 30 കോടി രൂപ അനുവദിച്ചതിൽ 29.98 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

4405-00-104-54- നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം

വിഹിതം : 20,00,00,000 രൂപ (പദ്ധതി)

നിലവിലുള്ള ഫിഷിംഗ് ഹാർബറുകളുടെ നവീകരണം, തീരദേശ പാലങ്ങൾ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്ത റോഡുകളുടെ നിർമ്മാണം എന്നിവ നബാർഡിന്റെ സഹായത്തോടെ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 127)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം 2000 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം അനുവദിച്ചിരുന്നു. ടി ശീർഷകത്തിൽ 1000 ലക്ഷം രൂപ കൂടി സമിതി ശിപാർശ ചെയ്തിരുന്നു. 2023-24 വർഷത്തെ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് 1200 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് ഉപധനാഭ്യർത്ഥനയിൽ ആവശ്യപ്പെട്ടിരുന്നു. അഡീഷണൽ ആതറൈസേഷൻ മുഖാന്തിരം 799.61 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത നബാർഡ് ശീർഷകത്തിലെ ആകെ ചെലവ് 2799.5 ലക്ഷം രൂപയാണ്.

**ശിപാർശ**

4405-00-104-37- മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണുനീക്കലും

വിഹിതം : 9,52,00,000 രൂപ (പദ്ധതി)

ബ്രേക്ക് വാട്ടറുകളുടെ പുനരുദ്ധാരണത്തിനും ഡ്രെഡ്ജിങ് പ്രവർത്തികൾക്കുമായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 128)

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ 84,65,000/- രൂപ അധിക ധനാനുമതിയായി അനുവദിച്ചു.

**ശിപാർശ**

4405-00-104-33- മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾക്ക് (എൽ.എ.ആർ)

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

വിവിധ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾക്ക് എൽ.എ.ആർ കേസുകൾക്കായി (ചാർജ്ജ് ചെയ്ത) വിഹിതം നൽകുന്നതിലേക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 129)

**സ്വീകരിച്ച നടപടി**

ബില്ലുകളുടെ അഭാവത്തിൽ 4405-00-104-33(NP) ശീർഷകത്തിൽ തുകയൊന്നും ചെലവഴിച്ചിരുന്നില്ല. എന്നാൽ 4405-00-104-33(P) ശീർഷകത്തിൽ 2,37,54,000 രൂപ അധിക ധനാനുമതിയായി അനുവദിച്ചു.

**ശിപാർശ**

4405-00-104-29 - വിഴിഞ്ഞം മാസ്റ്റർപ്ലാൻ

വിഹിതം : 50,00,000 രൂപ (പദ്ധതി)

വിഴിഞ്ഞം മാസ്റ്റർപ്ലാൻ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 130)

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ ബില്ലുകൾ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് ഒന്നും ആകാതെ ഈ തുക സറണ്ടർ ചെയ്യുകയുണ്ടായി. അതിനാൽ സമിതി ശുപാർശ ചെയ്തിരുന്നതിന് അനുസരിച്ചുള്ള അധിക ഫണ്ടിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

**ശിപാർശ**

4405-00-104-28- മുതലപ്പൊഴി മാസ്റ്റർപ്ലാൻ

വിഹിതം : 50,00,000 രൂപ (പദ്ധതി)

മുതലപ്പൊഴി മാസ്റ്റർപ്ലാൻ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 131)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പുതുതായി അനുവദിച്ച പ്രസ്തുത ശീർഷകത്തിന് കീഴിൽ 39,63,370 രൂപയുടെ ബില്ലുകൾ പേയ്മെന്റിനായി സമർപ്പിച്ചിരുന്നുവെങ്കിലും മാർച്ച് മാസം അവസാനം ട്രഷറി നിയന്ത്രണത്തെ തുടർന്ന് പേയ്മെന്റ് ആകാത്തതിനാൽ തുകയൊന്നും ചെലവഴിച്ചില്ല. അതിനാൽ സമിതി ശുപാർശ ചെയ്തതിന് അനുസരിച്ചുള്ള അധിക ഫണ്ടിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

**ശിപാർശ**

4405-00-104-27 - തീരപരിപാലന പ്രവർത്തനങ്ങൾ

വിഹിതം : 10,00,000 രൂപ (പദ്ധതി)

തീരപരിപാലന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 14.9 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 132)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പുതുതായി അനുവദിച്ച പ്രസ്തുത ശീർഷകത്തിന് കീഴിൽ പേയ്മെന്റ് ഒന്നും ആയിട്ടില്ലാത്തതിനാൽ തുകയൊന്നും ചെലവഴിച്ചില്ല. അതിനാൽ സമിതി ശുപാർശ ചെയ്തതിന് അനുസരിച്ചുള്ള അധിക ഫണ്ടിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

**ശിപാർശ**

4405-00-109-98- മത്സ്യ കൃഷി പരിശീലന കേന്ദ്രങ്ങൾ - പണി പൂർത്തിയാക്കലും മത്സ്യഭവനങ്ങൾ സ്ഥാപിക്കലും ശക്തിപ്പെടുത്തലും

വിഹിതം : 1,20,00,000 രൂപ (പദ്ധതി)

ബേപ്പൂർ ഫിഷറീസ് ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തി പൂർത്തീകരിക്കുന്നതിനും ശക്തികുളങ്ങര മത്സ്യഭവന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 133)

**സ്വീകരിച്ച നടപടി**

ബേപ്പൂർ ഫിഷറീസ് ട്രെയിനിംഗ് സെന്ററിന്റെ പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞെങ്കിലും വർക്ക് ബില്ലുകൾ മാർച്ച് മാസം അവസാന ഘട്ടത്തിലാണ് നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭ്യമായത്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി തുക ആവശ്യമായി വന്നില്ല.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

**ശിപാർശ**

ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം മത്സ്യോത്പ്പന്നങ്ങളുടെ സംസ്കരണത്തിലും സംഭരണത്തിലും അന്താരാഷ്ട്ര നിയന്ത്രണങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നതിനായി ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായും സാങ്കേതിക വിദ്യയുടെ സഹായത്തോടെ മത്സ്യോത്പ്പന്നങ്ങൾക്ക് മൂല്യവർദ്ധന വരുത്തുന്നതിനായുമുള്ള പ്രവർത്തികൾക്കായി പുതിയ ശീർഷകം അനുവദിച്ച് 20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 134)

**സ്വീകരിച്ച നടപടി**

ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ ഒരു സീ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനുമായി ചർച്ചകൾ നടത്തിയെങ്കിലും ഭൂമി കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

## അദ്ധ്യായം II

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നുള്ള മറുപടി സ്റ്റേറ്റ്മെന്റുകൾ ലഭിക്കാത്ത ഖണ്ഡികകൾ.

| വകുപ്പ് | ശിപാർശ/ഖണ്ഡികകൾ |
|---|---|
| കൃഷി | 1, 2, 8, 10, 50, 55, 59, 60 |

**പി. പ്രസാദ്,**
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി I.

തിരുവനന്തപുരം,
2024 ജൂലൈ 4